VOL NO: 04 I ISSUE 15
www.nerpatham.com
mail@nerpatham.com
2021 APRIL 03 I ₹12

# നേർപഥം
വാരിക

# ജനാധിപത്യത്തെ അട്ടിമറിക്കുന്ന വ്യാജവോട്ടുകൾ



ജനാധിപത്യത്തിന്റെ വിധി നിർണയിക്കുന്ന ഏകകമാണ് വോട്ട്. പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും അതിജീവിച്ച് മനഃസാക്ഷിക്കനുസരിച്ച് നൽകുന്ന വോട്ടിൽ പോലും കൃത്രിമം നടക്കുന്നു എന്ന വസ്തുതയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ശരിവെച്ചത്. എത്രയും പെട്ടെന്ന് കണ്ടെത്തി തിരുത്തിയേ മതിയാവൂ.

- **ദീനി സ്നേഹികൾക്ക് പ്രതീക്ഷയേകി ജാമിഅ വിഷൻ 2030**

- **കൂടിയാലോചനയിലെ നന്മ**
- **വെളിച്ചത്തെ ഭയപ്പെടുന്നവർ**
- **ഔൽ: മസ്അലയും വിമർശകരും**
- **നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും**

# SUPPORT JAMIA KNOWLEDGE

## കാവലിരിക്കാം നമുക്കീ വിളക്കുമാടത്തിന്

പ്രായ – ലിംഗ – ദേശ ഭേദമന്യേ ഏതൊരാൾക്കും ഇസ്‌ലാമിക വിജ്ഞാനങ്ങൾ വ്യവസ്ഥാപിതമായി കരസ്ഥമാക്കാൻ സാധ്യമാകുന്ന ഈ വിജ്ഞാന പ്രവാഹത്തിന് ഒരു കുമ്പിൾ കൊണ്ടെങ്കിലും സഹായമേകുക

### വക്വ്ഫ്

വാടക ലഭിക്കുന്ന കെട്ടിടങ്ങളുടെ ഒരു ഭാഗം/ വാടകയുടെ നിശ്ചിത വിഹിതം ജാമിഅഃക്ക് വഖ്ഫായി നൽകുക

### മുസാഅദ

പ്രതിദിനം/പ്രതിമാസം/ പ്രതിവർഷം എന്നിങ്ങനെ നിങ്ങൾക്ക് ചെയ്യാവുന്ന വല്ലതും – അതെത്ര ചെറുതാണെങ്കിലും – വരിസംഖ്യയായി നൽകുക. കൂടാതെ സ്ഥാപനത്തിലെ ഒരു ദിവസത്തെ ഭക്ഷണം/ ഒരു കുട്ടിയുടെ ഒരു ദിവസത്തെ ഭക്ഷണം/സ്റ്റാഫ് സാലറി തുടങ്ങി ഏത് ഭാഗവും ഏറ്റെടുക്കാം

### കഫാല

ഒരു വിദ്യാർത്ഥിയുടെ പഠന ചെലവുകൾ ഏറ്റെടുക്കുക. ഒരു വിദ്യാർത്ഥിയുടെ ഭക്ഷണ ചെലവ് മാത്രമായോ മുഴുവൻ ചെലവുകളോ പ്രതിമാസം ഏറ്റെടുക്കുക

### ജാരിയ

സ്ഥിര വരുമാനത്തിൽ നിന്ന് നിശ്ചിത വിഹിതം പ്രതിമാസം/പ്രതിവർഷം ജാമിഅഃക്ക് നൽകുക

VISION 2030



**For More Details:**

+919288098300

**Account Details:**

Jamia Al Hind Al Islamiya Trust
A/C: 4691201000026
Canara Bank, Vengara Branch
IFSC: CNRB0004691


Jamia Al Hind Al Islamiyya
Wadi Al Hikma, Mini Ootty
Oorakam, Malappuram, Kerala, 676519
+91 9288 098 302 | www.jamiaalhind.com

# 0220
# നേർപഥം
വാരിക

2021 ഏപ്രിൽ 03
1442 ശഅബാൻ 20
പുസ്തകം 05 / ലക്കം 14

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002


Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









10

## ജനാധിപത്യത്തെ അട്ടിമറിക്കുന്ന വ്യാജവോട്ടുകൾ

നബീൽ പയ്യോളി



05
മുഖമൊഴി
വെളിച്ചത്തെ ഭയപ്പെടുന്നവർ
എഡിറ്റർ

06
ലേഖനം
ദീനി സ്നേഹികൾക്ക് പ്രതീക്ഷയേകി ജാമിഅ വിഷൻ 2030
ഫൈസൽ പുതുപ്പറമ്പ്

15
ലേഖനം
ഔൽ: മസ്അലയും വിമർശകരും
ശബീബ് സ്വലാഹി തിരൂരങ്ങാടി

18
അനുഭവം
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

24
ലേഖനം
കൂടിയാലോചനയിലെ നന്മ
അബൂഅമീൻ

26
ചരിത്രപഥം
നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും
ഹുസൈൻ സലഫി, ഷാർജ

31
ക്വുർആൻ ദർശനം
അർറ്വഹ്മാൻ (പരമകാരുണികൻ)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34
കവിത
മൂകത മാറിത്താമസിക്കുന്ന വീടുകൾ
മുംതസിർ പെരിങ്ങത്തൂർ

ചലനങ്ങൾ

# പെൻഷനർമാരുടെ അനുഭവസമ്പത്ത് ഫലപ്രദമായി ഉപയോഗിക്കണം: വിസ്ഡം പെൻഷനേഴ്സ് മീറ്റ്

കോഴിക്കോട്: സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും വിരമിച്ച വ്യക്തികളുടെ അനുഭവസമ്പത്ത് ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതികളുണ്ടാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച പെൻഷനേഴ്സ് മീറ്റ് ആവശ്യപ്പെട്ടു.

'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ ഭാഗമായാണ് പെൻഷനേഴ്സ് മീറ്റ് സംഘടിപ്പിച്ചത്.

വിരമിച്ച ശേഷമുള്ള ജീവിതം ആസ്വാദ്യകരമാക്കുവാനും ആരോഗ്യവും സമയവും ഫലപ്രദമായി വിനിയോഗിക്കുവാനും ഓരോരുത്തരും ജാഗ്രത കാണിക്കണം. ഓരോ മാസവും കൈപ്പറ്റുന്ന പെൻഷൻ ശമ്പളം കൂടുതൽ ഉത്തരവാദിത്തമാണ് ഓർമപ്പെടുത്തുന്നത്.

പെൻഷൻ കാലയളവിലും തങ്ങളുടെതായ മേഖലയിൽ സമൂഹത്തിന്റെ ക്ഷേമം മുൻനിർത്തി സേവനം ചെയ്യാനുള്ള കടമകൾ വിസ്മരിക്കരുതെന്നും മീറ്റ് ഓർമപ്പെടുത്തി. സർവീസിൽനിന്നും വിരമിക്കൽ പ്രായം കഴിഞ്ഞുവെന്ന കാരണത്താൽ, പെൻഷൻ വാങ്ങി വീട്ടിലിരിക്കുന്ന; വിവിധ മേഖലകളിൽ കഴിവു തെളിയിച്ച, ആരോഗ്യവും പ്രാപ്തിയും സന്നദ്ധതയുമുള്ളവർക്ക് സേവന മേഖലകൾ അനുവദിക്കണം.

സർവീസ്കാലം കുറഞ്ഞുപോയതിനാൽ തുച്ഛമായ പെൻഷൻ വാങ്ങുന്ന, പ്രാപ്തരായവർക്ക് അർഹമായ അലവൻസ് നൽകി അനുയോജ്യമായ സേവനമേഖലകൾ അനുവദിച്ച് കഴിവുകൾ പ്രയോജനപ്പെടുത്തി അവരെയും സമൂഹത്തിന്റെ ഭാഗമാക്കുവാൻ ഉത്തരവദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്.

പി.എൻ അബ്ദുല്ലത്തീഫ് മദനി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ ഡയറക്ടർ ഡോ: അൻവർ ഹുസൈൻ, പ്രൊഫ: ഹാരിസ് ബിൻ സലീം, ടി.കെ അഷറഫ്, ഹുസൈൻ കാവനൂർ എന്നിവർ പ്രസംഗിച്ചു.

## ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം: വിസ്ഡം ശിൽപശാല

കോഴിക്കോട്: സർക്കാർ തലത്തിലും പൊതുജന പങ്കാളിത്തത്തോടെയും നടക്കുന്ന ക്ഷേമപദ്ധതികൾ ഫലപ്രദമായി നടക്കുന്നുണ്ടോ എന്നത് മോണിറ്റർ ചെയ്യണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച സംസ്ഥാന വെൽഫെയർ ശിൽപശാല ആവശ്യപ്പെട്ടു.

ഓരോ പ്രദേശത്തും പൊതുജന പങ്കാളിത്തത്തോടെ ക്ഷേമപദ്ധതികൾ നടപ്പാക്കിയാൽ വലിയ നേട്ടമുണ്ടാക്കാൻ സാധിക്കും. ക്ഷേമപദ്ധതികൾ എന്നത് സാമ്പത്തിക സഹായം നൽകൽ മാത്രമാണെന്ന ധാരണ തിരുത്തേണ്ടതുണ്ട്. ആരോഗ്യ, തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ മാർഗനിർദേശം നൽകുക എന്നതും വലിയ സേവനമാണെന്നത് തിരിച്ചറിയണം.

മുസ്‌ലിം മഹല്ലുകൾ അവരുടെ പരിധിയിലുള്ള വീടുകളിൽനിന്നുള്ള സ്വർണത്തിന്റെ സകാത്ത് കൃത്യമായി ശേഖരിച്ചാൽതന്നെ സമൂഹത്തിൽ വലിയ ക്ഷേമവിപ്ലവം സൃഷ്ടിക്കാൻ കഴിയുമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി,എൻ.അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം റിലീഫ് വിംഗ് ചെയർമാൻ അബ്ദുസ്സമദ് എ.എം അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ്പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, സെക്രട്ടറി കെ. സജ്ജാദ്, നാസിർ.വി, ഡോ. പി.എൻ ശബീൽ, ടി.പി മുഹമ്മദ് അബ്ദുൽ അസീസ് എന്നിവർ പ്രസംഗിച്ചു.

മുഖമൊഴി

# വെളിച്ചത്തെ ഭയപ്പെടുന്നവർ

**എഫ്**ബിയിൽ ഒരു യാഥാസ്ഥിതിക പണ്ഡിതന്റെ വീഡിയോ കാണുകയുണ്ടായി. ഒരു പരിഷ്‌കൃത സമൂഹത്തിന് ഊഹിക്കാൻ പോലും കഴിയാത്ത,വിഭാഗീയതയുടെ വിഷം വമിക്കുന്ന വാക്കുകളാണ് അയാളുടെ വായിൽനിന്നും കേൾക്കാൻ കഴിഞ്ഞത്. കേരളത്തിലെ മുസ്‌ലിംകളെ സർവവിധ അന്ധകാരങ്ങളിൽനിന്നും വെളിച്ചത്തിലേക്കു നയിച്ച മുജാഹിദ് പ്രസ്ഥാനത്തിനെതിരെ വളരെ നീചമായ ശൈലിയിൽ സംസാരിക്കുന്ന അയാൾ താൻ ഉൾക്കൊള്ളുന്ന സംഘടന ഉണ്ടാക്കിയതുതന്നെ ഇത്തരം പുത്തൻവാദികളെ പ്രതിരോധിക്കാനാണ് എന്ന് പറയുന്നുണ്ട്. മുജാഹിദുകളുമായി ഒരു നിലയ്ക്കുള്ള ബന്ധവും പാടില്ല, അവരെ കണ്ടാൽ സലാം പറയാൻ പാടില്ല. അവരുമായി വൈവാഹിക ബന്ധമോ സാമ്പത്തിക ഇടപാടോ നടത്താൻ പാടില്ല, അവർ മരിച്ചാൽ കാണാൻ പോലും പാടില്ല, വല്ല വിവാഹവീട്ടിലും അവർ കയറിവന്നാൽ നാം അവിടെനിന്ന് ഇറങ്ങിപ്പോകണം, അവരെ കണ്ടാൽ സലാം പറയാൻ പോലും പാടില്ലെന്ന് ചെറിയ കുട്ടികളെ നാം മദ്‌റസയിൽ പഠിപ്പിച്ച് ബോധവാൻമാരാക്കുന്നുണ്ട്....ഇങ്ങനെ നീളുന്നു അയാളുടെ പ്രസംഗം!

ഏത് ഇസ്‌ലാമിനെയാണ് ഇയാൾ പ്രധിനിധീകരിക്കുന്നത് എന്ന് ചിന്തിച്ചുപോയി. കാരണം അല്ലാഹുവും അവന്റെ തിരുദൂതരുംﷺ പഠിപ്പിച്ച മതത്തിന്റെ പിൻബലം ഇയാളുടെ ആദർശത്തിനില്ല. ഇയാൾ ഏതൊരു സംഘടനയുടെ വക്താവാണോ ആ സംഘടനയാണ് യഥാർഥ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നത് എന്നും മുജാഹിദുകൾ അതിനെതിരെ പ്രവർത്തിക്കുന്ന പുത്തൻവാദികളാണെന്നും ഇയാൾ പറയാനുള്ള പ്രധാനപ്പെട്ട കാരണം യാതൊരു സൃഷ്ടിയോടും പ്രാർഥിക്കുവാൻ പാടില്ല, ആരാധനയുടെ എല്ലാ വശങ്ങളും അല്ലാഹുവിനുമാത്രമെ സമർപ്പിക്കാവൂ എന്ന് മുജാഹിദുകൾ പറയുന്നു എന്നതാണ്. അതാകട്ടെ മുജാഹിദുകൾ പുതുതായി കണ്ടെത്തിയ കാര്യമല്ല. വിശുദ്ധ ക്വുർആനും പ്രവാചകജീവിതവും പഠിപ്പിച്ച ഇസ്‌ലാമിന്റെ കാതലായ വശമാണത്. മറ്റു മതങ്ങളിൽനിന്ന് ഇസ്‌ലാമിനെ വ്യതിരിക്തമാക്കുന്ന ഈ കാര്യത്തോട് പുറംതിരിഞ്ഞുനിൽക്കുന്ന ഇക്കൂട്ടരാണ് പോലും ഇസ്‌ലാമിന്റെ യഥാർഥ ആദർശം ഉൾക്കൊണ്ട് ജീവിക്കുന്നവർ. ഇയാളെ പോലുള്ളവർ കാലം കുറെയായി ഇത്തരം പൊള്ളയായ കാര്യങ്ങൾ പറയാൻ തുടങ്ങിയിട്ട്.

സർവപ്രവാചകന്മാരും അവരുടെ പ്രബോധിത സമൂഹത്തോട് അതീവഗൗരവത്തോടെ ആദ്യമുണർത്തിയത് എന്താണോ അതുതന്നെയാണ് മുജാഹിദുകൾ ജനങ്ങളോട് പറയുന്നത്. അതെങ്ങനെ പുത്തനാശയമാകും? അല്ലാഹു പറയുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

പ്രബോധനത്തിന്റെ മുൻഗണനാക്രമത്തിലേക്ക് വ്യക്തമായ ദിശാബോധം നൽകിക്കൊണ്ട് മുഹമ്മദ് നബിﷺ തന്റെ അനുചരനായ മുആദുബ്നു ജബലിؓനെ ജൂത-ക്രൈസ്തവരുള്ള യമനിലേക്ക് പറഞ്ഞയച്ചപ്പോൾ നൽകിയ ഉപദേശത്തിലും ഇക്കാര്യം കാണാവുന്നതാണ്: "നിശ്ചയം, നീ വേദം നൽകപ്പെട്ട ഒരു ജനവിഭാഗത്തിലേക്കാണ് പോകുന്നത്. അതിനാൽ നീ അവരെ ക്ഷണിക്കേണ്ടത്, ആരാധനക്ക് അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണെന്നും (ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്) എന്ന സത്യസാക്ഷ്യത്തിലേക്കായിരിക്കണം"(ബുഖാരി).

സർവശക്തനും പരമകാരുണികനുമായ അല്ലാഹുവിനോട് ആവശ്യങ്ങളും സങ്കടങ്ങളും പറഞ്ഞുകൊണ്ട് പ്രാർഥിക്കുന്നതിലെ സാംഗത്യവും യുക്തിഭദ്രതയും സദ്ഫലങ്ങളും മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ ദൈവത്തിന്റെ സൃഷ്ടികളോട് പ്രാർഥിക്കുകയും ആരാധനകളർപ്പിക്കുകയും ചെയ്യുന്നത് എന്തുമാത്രം ബാലിശമാണ്! അത് പാടില്ല എന്നു പറയുന്നവരാണോ അങ്ങനെയാണ് വേണ്ടത് എന്ന് പറയുന്നവരാണോ ഇസ്‌ലാമികാദർശത്തിൽ അടിയുറച്ചുനിൽക്കുന്നവർ?



ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com

ലേഖനം

# വിജ്ഞാനദാഹികൾക്ക് പ്രതീക്ഷയേകി ജാമിഅ വിഷൻ 2030

മലപ്പുറം ജില്ലയിലെ ഊരകം പഞ്ചായത്തിലെ 'വാദി അൽഹിക്മ' എന്ന് നാമകരണം ചെയ്യപ്പെട്ട മിനി ഊട്ടി എന്ന പ്രദേശത്ത് സ്ഥാപിതമായ 'ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ'യുടെ 'വിഷൻ 2030' പ്രഖ്യാപനസമ്മേളനം മുസ്‌ലിം കൈരളിക്ക് ഏറെ പ്രതീക്ഷകൾ നൽകുന്നതായി.

2013ൽ ഒരു വാടകക്കെട്ടിടത്തിൽ തുടക്കംകുറിച്ച ജാമിഅ അൽഹിന്ദ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിവേഗത്തിലാണ് വളർച്ചയുടെ പടവുകൾ കയറിയത്. കേവലം ഏഴു വർഷങ്ങൾകൊണ്ട് കൈവരിച്ചനേട്ടങ്ങൾ അവിശ്വസനീയമാണ്. പ്രതിസന്ധികൾക്കും പരീക്ഷണങ്ങൾക്കും നടുവിലാണ് ജാമിഅ പിറവിയെടുത്തത്.

'തീയിൽ മുളച്ചത് വെയിലത്ത് വാടില്ല' എന്ന പഴഞ്ചൊല്ലിനെ അന്വർഥമാക്കുംവിധം എല്ലാ പ്രതിസന്ധികളെയും തരണംചെയ്ത് അല്ലാഹുവിന്റെ സഹായത്താൽ ജാമിഅ തലയുയർത്തി നിൽക്കുന്നു. കേരളീയർക്ക് മാത്രമല്ല ലോകമെമ്പാടുമുള്ള ദീനീ സ്നേഹികളായ പണ്ഡിതന്മാർക്കെല്ലാം ഇന്ന് ജാമിഅ സുപരിചിതമാണ്, അൽഹംദുലില്ലാഹ്!

കൃത്യമായ ആസൂത്രണവും അനേകായിരങ്ങളുടെ പ്രാർഥനയും ഒത്തുചേർന്നതാണ് ജാമിഅയുടെ വിജയത്തിന് നിദാനം. കാലഘട്ടത്തിന്റെയും നാടിന്റെയും സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് സമൂഹത്തിന് ഏറ്റവും അനിവാര്യമായത് ആവശ്യമായ സമയത്ത് നൽകാനുള്ള ജാമിഅയുടെ ദീർഘവീക്ഷണം വിളിച്ചറിയിക്കുന്നതായിരുന്നു വിഷൻ 2030 പ്രഖ്യാപനം. 10 പദ്ധതികളിലായി 36 പഠനസംരംഭങ്ങളും 'സപ്പോർട്ട് ജാമിഅ' പദ്ധതിയിൽ നാല് സംരംഭങ്ങളുമായി 40 പ്രൊജെക്ടുകൾ ഉൾക്കൊള്ളുന്നതാണ് 'വിഷൻ 2030.'

## വിഷൻ 2030 പദ്ധതികൾ

### I. മെയിൻ ക്യാമ്പസ്

നാലുതരം കോഴ്സുകളിലായി മൂന്ന് പദ്ധതികളാണ് മെയിൻ ക്യാമ്പസിൽ വിഭാവനം ചെയ്യുന്നത്.

#### 1. മഅ്ഹദുല്ലുഗ (ഇസ്‌ലാമിക് പ്ലസ്ടു)

എസ്.എസ്.എൽ.സി പാസ്സായ ആൺകുട്ടികൾക്ക് പ്രവേശനം. മദീന യൂണിവേഴ്സിറ്റിയുടെ അറബി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിലബസ്സാണ് മുഖ്യം. കൂടാതെ രണ്ടുവർഷ കോഴ്സ് പൂർത്തിയാക്കുമ്പോൾ വിശുദ്ധ ക്വുർആൻ നാല് ജുസ്അ് ഹിഫ്ള്, 80 ഹദീസുകൾ മനഃപാഠമാക്കൽ എന്നിവയും പ്ലസ്ടു (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) എഴുതാനുള്ള അവസരവും നൽകുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ വിദ്യാർഥികളുടെ വിവിധ സർഗശേഷികളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

#### 2. ഇസ്‌ലാമിക് ഡിഗ്രി

മഅ്ഹദ് തത്തുല്യ യോഗ്യതയുള്ളവർക്കായി രൂപകൽപന ചെയ്ത മൂന്നുവർഷ കോഴ്സ്. അഞ്ച് ഡിപ്പാർട്ടുമെന്റുകളാണ് ഇതിൽ വിഭാവനംചെയ്യുന്നത്.

കുല്ലിയ്യത്തുൽ ഹദീസ്, കുല്ലിയ്യത്തുദ്ദഅ്‌വ, ഉസ്വൂലുദ്ദീൻ, കുല്ലിയ്യത്തുശ്ശരീഅ, കുല്ലിയ്യത്തുൽ ക്വുർആൻ, കുല്ലിയ്യത്തുല്ലുഗ എന്നിവയാണവ.

മൂന്നു വർഷത്തെ പഠനം പൂർത്തിയാക്കുമ്പോൾ നിശ്ചിത വിജ്ഞാനശാഖയിലെ ആഴത്തിലുള്ള പഠനം, ആറ് ജുസ്അ് ക്വുർആൻ ഹിഫ്ള്, മുന്നൂറ് ഹദീസുകൾ ഹൃദിസ്ഥമാക്കൽ, അറബി, ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ പ്രാവീണ്യം, കമ്പ്യൂട്ടർ പരിശീലനം, മറ്റു പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ നൽകും.

#### 3. അദ്ദിറാസതുൽ ഉൽയാ (ഇസ്‌ലാമിക് പി.ജി)

ഡിഗ്രി, തത്തുല്യ യോഗ്യതയുള്ളവർക്കായുള്ള രണ്ടുവർഷ ഉപരിപഠന സംവിധാനം, ഹദീസ്, ദഅ്‌വ, ഫിക്വ്ഹ്, ക്വുർആൻ എന്നീ നാല് വിഭാഗങ്ങളാണ് ഇതിനുകീഴിൽ പദ്ധതിയിട്ടിരിക്കുന്നത്.

### II. അൽഹിന്ദ് ക്വുർആൻ അക്കാദമി

ക്വുർആൻ ഹിഫ്ളും അനുബന്ധ പഠനങ്ങളും വ്യവസ്ഥാപിതവും സാർവത്രികവുമാക്കുക എന്നതാണ് ലക്ഷ്യമായി കാണുന്നത്. പ്രധാനമായും ഏഴ് ഉപവിഭാഗങ്ങളാണ് ഇതിനുകീഴിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

#### 1. ക്വുർആൻ ഹിഫ്ള്

പത്തുവയസ്സ് പൂർത്തിയായ വിദ്യാർഥികൾക്ക് വ്യവസ്ഥാപിതവും കുറ്റമറ്റതുമായ രീതിയിൽ ക്വുർആൻ മനഃപാഠമാക്കാൻ സൗകര്യമൊരുക്കുന്നു. മെയിൻ ക്യാമ്പസ്, കാരാതോട് അൽഹിക്മ ക്വുർആൻ അക്കാദമി, വനിതാ ക്യാമ്പസ് എന്നിവയാണ് ഈ രംഗത്ത് ജാമിഅ നേരിട്ട് നടത്തുക. സ്കൂൾ പഠനംകൂടി നൽകുന്നു എന്നതാണ് സവിശേഷത.

#### 2. ദൗറ

വിവിധ ഹിഫ്ള് സ്ഥാപനങ്ങളിൽ നിന്ന് ക്വുർആൻ ഹൃദിസ്ഥമാക്കിയവർക്ക് സ്കൂൾ പഠനത്തോടൊപ്പം തന്നെ ഹിഫ്ള് മുറാജഅ നടത്താനും സർട്ടിഫിക്കറ്റ് നേടാനുമുതകുന്ന സംവിധാനം.

#### 3. അൽമഹാറ

ജാമിഅ മെയിൻ ക്യാമ്പസിൽനിന്ന് ക്വുർആൻ ഹിഫ്ള് പൂർത്തിയാക്കിയ വിദ്യാർഥികളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് വിവിധ ശൈലികളിൽ ക്വുർആൻ പാരായണത്തിൽ (ക്വിറാഅത്ത്) പ്രാവീണ്യം നൽകാനുള്ള സംവിധാനം.



### 4. അഫിലിയേറ്റഡ് ക്യാമ്പസുകൾ

വിവിധ ഹിഫ്ള് സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകുക വഴി അവയുടെ അക്കാദമിക നിലവാരം ഉയർത്താൻ സഹായിക്കും. അധ്യാപക പരിശീലനം, സിലബസ്, വിദ്യാർഥികളുടെ മൂല്യനിർണയം എന്നിവയ്ക്ക് ജാമിഅ നേതൃത്വം നൽകും.

### 5. സൂപ്പർ വിഷൻ

വിവിധ ഹിഫ്ള് സ്ഥാപനങ്ങൾക്ക് അക്കാദമിക പിന്തുണ നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്.

## III. അൽഹിന്ദ് റിസർച്ച് അക്കാദമി

ഗവേഷണാത്മക വിഷയങ്ങളിൽ അക്കാദമിക പഠനങ്ങൾ ലക്ഷ്യമിടുന്ന ഗവേഷണ തൽപരരുടെ കൂട്ടായ്മ രൂപീകരിക്കുക, ഗവേഷണ പഠന പ്രബന്ധങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുക, ഇന്ത്യൻ പണ്ഡിതന്മാരുടെ വൈജ്ഞാനിക സേവനങ്ങൾ പുറത്തുകൊണ്ടുവരിക, ഗ്രന്ഥശേഖരം തയ്യാറാക്കുക, എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

## IV. വനിതാ ക്യാമ്പസ്

മലപ്പുറം പാണക്കാട് പ്രദേശത്ത് പ്രത്യേക ക്യാമ്പസ് ഇതിനായി ഒരുങ്ങുന്നു. മൂന്നര ഏക്കർ ഭൂമിയിൽ 4 കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉൾക്കൊള്ളുന്ന വനിതാ കാമ്പസ് 2022 മെയ് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇസ്‌ലാമിക് പ്ലസ്ടു, ഇസ്‌ലാമിക് ഡിഗ്രി, ഇസ്‌ലാമിക് പി.ജി, ഹിഫ്ളുൽ ഖുർആൻ എന്നീ നാല് സംരംഭങ്ങളാണ് വനിതാ ക്യാമ്പസിൽ പദ്ധതിയിട്ടിരിക്കുന്നത്.

## V. അഫിലിയേഷൻ

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള മത സ്ഥാപനങ്ങൾക്ക് ജാമിഅ അൽ ഹിന്ദ് അഫിലിയേഷൻ നൽകും. അക്കാദമിക രംഗത്തെ മേൽനോട്ടം ജാമിഅ വഹിക്കുക വഴി അവരുടെ നിലവാരം ഉയർത്താൻ സാധിക്കും. ഇങ്ങനെ 15 സ്ഥാപനങ്ങൾ എങ്കിലും നടത്തിക്കൊണ്ടുപോകാനാണ് വിഷൻ 2030 ലക്ഷ്യമിടുന്നത്.

## VII. സൂപ്പർ വിഷൻ

സമാന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അക്കാദമിക പിന്തുണ നൽകുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒരു വർഷമെങ്കിലും സൂപ്പർ വിഷനിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് മാത്രമെ അഫിലിയേഷന് അപേക്ഷിക്കാൻ അർഹതയുള്ളൂ.

## VIII. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ

വ്യവസ്ഥാപിത മതപഠനത്തിന് അവസരം ലഭിച്ചിട്ടില്ലാത്തവർക്കും മതപഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നവർക്കും ആശ്വാസമായി ജാമിഅയുടെ വിദൂരവിദ്യാഭ്യാസ വകുപ്പിന് കീഴിലായി വിവിധ സംരംഭങ്ങൾ ആസൂത്രണം ചെയ്യുന്നു.

### 1. അത്തദാറുക്

പ്രായ ലിംഗ ഭേദമന്യേ ഏതൊരാൾക്കും ചേരാവുന്ന വിധം തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്ന രണ്ടുവർഷ കോഴ്സ്.

ഖുർആൻ, അറബി ഭാഷ, അഖീദ ഫിഖ്ഹ് എന്നിവ ഉൾക്കൊള്ളുന്ന സിലബസ്. ആഴ്ചയിൽ മൂന്ന് മണിക്കൂർ ക്ലാസ്സ്.

### 2. അത്തെഫസീർ

വിശുദ്ധ ഖുർആൻ പഠനം ജനകീയമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് രൂപകൽപന ചെയ്ത റമദാൻ സ്പെഷ്യൽ കോഴ്സ്. ജാമിഅ പള്ളിയിലും തെരഞ്ഞെടുക്കപ്പെടുന്ന മറ്റ് പള്ളികളിലും വെച്ച് നടത്തപ്പെടുന്നു.

### 3. ഇസ്‌ലാമിക് പ്ലസ് ടു

പത്താംക്ലാസ് ജയിച്ചവരോ ജാമിഅയുടെ അത്തദാറുക് കോഴ്സ് പൂർത്തിയാക്കിയവരോ ആയവർക്ക് ചേരാവുന്ന കോഴ്സ്. ഭൗതികമായ ഏതു കോഴ്സുകൾ ചെയ്തവർക്കും ഇതുവഴി ജാമിഅയുടെ ഭാഗമാകാൻ കഴിയും.



### 4. ഇസ്‌ലാമിക ഡിഗ്രി, പി.ജി

ഇസ്‌ലാമിക ഡിഗ്രി, പി.ജി എന്നിവയ്ക്കും ഇതേ രീതിയിൽ പദ്ധതിയിടുന്നു.

### IX. ഡിപ്ലോമ കോഴ്സുകൾ

വിവിധ ദീനീവിഷയങ്ങളിൽ പൊതുജനങ്ങൾക്ക് ആഴത്തിലുള്ള പഠനം വ്യവസ്ഥാപിതമായി നൽകുക എന്ന ലക്ഷ്യത്തിൽ വിവിധ ഡിപ്ലോമ കോഴ്സുകൾ ജാമിഅ ആസൂത്രണം ചെയ്തിരിക്കുന്നു.

അക്വീദ, അനന്തരാവകാശ നിയമങ്ങൾ, നിദാന ശാസ്ത്രം; മെഡിക്കൽ, ബിസിനസ് ഫീൽഡുകളിൽ ഉള്ളവർക്കായി പ്രത്യേക കോഴ്സുകൾ എന്നിവയാണ് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഓൺലൈൻ, ഓഫ്‌ലൈൻ മോഡുകളിൽ ഇത് രൂപകൽപന ചെയ്തിട്ടുണ്ട്.

### X. സ്‌കൂൾ ഓഫ് ക്വുർആൻ

ഒന്നാം ക്ലാസ് മുതൽ പ്രവേശനം നൽകി പി.ജിയോടെ അവസാനിക്കുന്ന വിധം 17 വർഷംകൊണ്ട് പൂർത്തീകരിക്കപ്പെടുന്നതാണ് സ്‌കൂൾ ഓഫ് ക്വുർആൻ. 2014ൽ ആരംഭിച്ച ഈ സംവിധാനം ഇന്ന് കേരളത്തിനകത്തും പുറത്തുമായി 27 സെന്ററുകളിൽ നടത്തപ്പെടുന്നു. 2030 ഓടെ 50 കേന്ദ്രങ്ങളും 5000 വിദ്യാർഥികളും 3 റസിഡൻഷ്യൽ ക്യാമ്പസുകളും ആണ് ലക്ഷ്യമിടുന്നത്. അതോടൊപ്പം ഓൺലൈൻ പഠനം കൂടി ഈ വർഷം മുതൽ ആരംഭിക്കുന്നു.

### X. ഗ്രീൻ ഹോം

ധാർമികാന്തരീക്ഷത്തിൽ താമസിച്ച് മത-ഭൗതിക പഠനം നൽകാൻ ലക്ഷ്യമിടുന്ന റസിഡൻഷ്യൽ പദ്ധതിയാണ് ഗ്രീൻ ഹോം. കോഴിക്കോട് ജില്ലയിലെ മുക്കം ഗ്രീൻവാലി എഡ്യൂക്കേഷണൽ കോംപ്ലക്സിലാണ് ഇത് പ്രവർത്തിക്കുന്നത്. അഞ്ചാംക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് പ്രവേശനം നൽകുന്നത്.

വിവിധ പഠന പദ്ധതികൾ പൂർത്തിയാക്കുമ്പോൾ ഇരുപതിനായിരത്തിലധികം പഠിതാക്കൾ മതപഠനത്തിന് ആശ്രയിക്കുന്ന ഒരു വൈജ്ഞാനിക കേന്ദ്രമായി ജാമിഅ മാറുമെന്ന് പ്രതീക്ഷിക്കുന്നു, അല്ലാഹു തൗഫീക് നൽകട്ടെ- (ആമീൻ).

### സപോർട്ട് ജാമിഅ

ഇന്ത്യയിലെ തന്നെ മുൻനിര ഇസ്‌ലാമിക സ്ഥാപനങ്ങളിൽ ഒന്നായി മാറും എന്ന് പ്രതീക്ഷിക്കപ്പെടുന്ന ഈ കലാലയത്തിന് ദീനീസ്‌നേഹികളുടെ സഹായസഹകരണങ്ങൾ മാത്രമാണ് കൈമുതൽ. ഏതൊരാൾക്കും ജാമിഅയെ സഹായിക്കാനാകുന്ന നാല് പദ്ധതികൾ കൂടി SUPPORT KNOWLEDGE എന്ന പേരിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.



### 1. വക്വ്ഫ്

നിലനിൽക്കുന്ന സംരംഭമായ ഭൂമി, കെട്ടിടം, വീട്, ഫ്‌ളാറ്റ് തുടങ്ങിയവയുടെ ഒരുഭാഗം ജാമിഅക്ക് വക്വ്ഫ് നൽകുകയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

### 2. ജാരിയ

സ്ഥിര വരുമാനമാർഗങ്ങളായ ശമ്പളം, പെൻഷൻ ലാഭവിഹിതം തുടങ്ങിയവയുടെ ഒരു നിശ്ചിത വിഹിതം സ്ഥിരമായി ജാമിഅക്ക് നൽകുക എന്നതാണ് ഈ പദ്ധതി.

### 3. കഫാല

ഭാവിയിലെ ഉന്നത പണ്ഡിതരായി മാറുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ജാമിഅ വിദ്യാർഥികളുടെ പഠന ചെലവ്, ഭക്ഷണ ചെലവ്, അധ്യാപകരുടെ ശമ്പളം, ജാമിഅയുടെ മറ്റു ചെലവുകൾ എന്നിവ സ്‌പോൺസർ ചെയ്യുന്ന പദ്ധതി.

### 4. മുസാഅദ

ഏതുസമയത്തും ചെയ്യാൻ കഴിയുന്ന ഏതുതരത്തിലുള്ള സഹായവും നൽകി പിന്തുണക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**വിശദവിവരങ്ങൾക്ക്:**

| | |
|---|---|
| Support jamia: | 9288 098 300 |
| Hifz: | 9288 098 301 |
| SDE: | 9288 098 302 |
| Research Academy: | 9288 098 303 |
| | 9288 098 304 |

വരൂ! നമുക്കൊന്നിച്ച് കാവലിരിക്കാം; ഈ വൈജ്ഞാനിക വിളക്കുമാടത്തിന്... അല്ലാഹുവേ നീ അനുഗ്രഹിക്കേണമേ. (ആമീൻ).





# ജനാധിപത്യത്തെ അട്ടിമറിക്കുന്ന വ്യാജവോട്ടുകൾ

ജനാധിപത്യത്തിന്റെ വിധി നിർണയിക്കുന്ന ഏകകമാണ് വോട്ട്. പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും അതിജീവിച്ച് മനഃസാക്ഷിക്കനുസരിച്ച് നൽകുന്ന വോട്ടിൽ പോലും കൃത്രിമം നടക്കുന്നു എന്ന വസ്തുതയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ശരിവെച്ചത്. എത്രയുംപെട്ടെന്ന് കണ്ടെത്തി തിരുത്തിയേ മതിയാവൂ.

കവർ സ്റ്റോറി

നബീൽ പയ്യോളി
nabeelpayyoly@gmail.com

കേരളം തെരഞ്ഞെടുപ്പിന്റെ അവസാന ലാപ്പിലേക്ക് കടന്നിരിക്കുകയാണ്. രാഷ്ട്രീയപാർട്ടികൾ മുഴുവൻ തങ്ങളുടെ ആവനാഴിയിലെ അവസാന അസ്ത്രവും തൊടുത്ത് വിജയം വരിക്കാനുള്ള പ്രയത്നത്തിലാണ്. ചരിത്രത്തിലെ തന്നെ ഏറ്റവും നിർണായകമായ തെരഞ്ഞെടുപ്പിൽ വിജയത്തിൽ കുറഞ്ഞൊന്നും ഇടത്, വലത് മുന്നണികൾ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ ഘടക കക്ഷികൾ അഭിപ്രായാന്തരങ്ങളെ മാറ്റിനിർത്തി ഒറ്റക്കെട്ടായി തെരഞ്ഞെടുപ്പുഗോദയിൽ അശ്രാന്ത പരിശ്രമത്തിലാണ്. ആരോപണങ്ങളും പ്രത്യാരോപണങ്ങളും


ഉയരുന്ന, നിലപാടുകളും വികസനവും ചർച്ചയാവുന്ന തെരഞ്ഞെടുപ്പിൽ വർഗീയതയെ വോട്ടാക്കാമോ എന്ന് ചിന്തിക്കുന്ന കുബുദ്ധികളും തങ്ങളുടെ തന്ത്രങ്ങൾ പയറ്റിക്കൊണ്ടിരിക്കുന്നു. വോട്ടുകൾ പെട്ടിയിലാകുന്നതുവരെ എല്ലാവരും ഏത് അടവും പയറ്റും. അവസാന ലാപ്പിലെ ഓരോ നിമിഷവും നിർണായകമാണ്. അതിൽ എതിരാളിയെ പരാജയപ്പെടുത്താനുള്ള അടവുകൾ മാറിമാറി പ്രയോഗിച്ച് വിജയക്കൊടി പാറിക്കാൻ അരയും തലയും മുറുക്കി അങ്കത്തട്ടിലാണെല്ലാവരും.

ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും മൂർച്ചയുള്ള ആയുധമാണ് വോട്ട്. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ രേഖപ്പെടുത്താൻ സ്വാതന്ത്ര്യവും സ്വകാര്യതയും വോട്ടർമാർക്ക് നൽകുന്നു എന്നതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യങ്ങളിൽ പ്രധാനം. മത്സരിക്കുന്ന സ്ഥാനാർഥികളിൽ ആരോടും താൽപര്യമില്ലെങ്കിൽ നോട്ടക്ക് വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യവുമുണ്ട്. കാടിളക്കി പ്രചാരണങ്ങൾ നടത്തിയാലും സ്വാധീനിക്കാൻ ശ്രമങ്ങൾ നടത്തിയാലും എന്തൊക്കെ തന്ത്രങ്ങൾ പയറ്റിയാലും ആരും കാണാതെ വോട്ട് രേഖപ്പെടുത്താനും അതുവഴി സ്വന്തം താൽപര്യം വോട്ടായി രേഖപ്പെടുത്താനും അവസരം ലഭിക്കുന്നു എന്നത് വ്യക്തി സ്വാതന്ത്ര്യത്തിനും വോട്ടറുടെ ഹിതത്തിനും ജനാധിപത്യ സംവിധാനം നൽകുന്ന പ്രാധാന്യമാണ് ബോധ്യപ്പെടുത്തുന്നത്. അതുതന്നെയാണ് ജനാധിപത്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്ത് മാത്രമെ മുന്നോട്ടു പോകാൻ സാധ്യമാവുകയുള്ളൂ എന്ന തിരിച്ചറിവിൽ ജനപ്രതിനിധികളെ എത്തിച്ചതും.

ജനങ്ങളാണ് വിധി നിർണയിക്കുന്നത് എന്നതുകൊണ്ട് തന്നെ അവരെ പാടെ അവഗണിച്ച് മുന്നോട്ടു പോവുക എന്നത് ആത്മഹത്യാപരമാണ് എന്ന ബോധ്യം രാഷ്ട്രീയ പാർട്ടികൾക്കും ജനപ്രതിനിധികൾക്കും ഒരു പരിധിവരെ ഉണ്ട്. ജനവികാരം എതിരാകും എന്ന് കണ്ടാൽ തീരുമാനങ്ങൾ പിൻവലിക്കുകയും നിലപാട് മയപ്പെടുത്തുകയും ചെയ്യുന്നത് ഈ തിരിച്ചറിവിന്റെ പ്രതിഫലനം തന്നെയാണ്.

കുറ്റമറ്റ രീതിയിൽ ജനത്തിന് വിധി രേഖപ്പെടുത്താൻ അവസരമൊരുക്കണം എന്നതുതന്നെയാണ് ജനാധിപത്യ വിശ്വാസികളുടെ ആഗ്രഹം. അത് ഉറപ്പുവരുത്തേണ്ടത് തെരഞ്ഞെടുപ്പ് കമ്മീഷന്റെയും രാഷ്ട്രീയ പാർട്ടികളുടെയും ഉത്തരവാദിത്തമാണ്. ജനഹിതം കളങ്കമില്ലാതെ പ്രകടമാക്കാനുള്ള സാഹചര്യം ഉണ്ടാവേണ്ടത് ജനാധിപത്യ പ്രക്രിയയുടെ അനിവാര്യതയും ജനാധിപത്യ സംവിധാനത്തിൽ പൗരന്മാർക്കുള്ള വിശ്വാസ്യതയെ സംരക്ഷിക്കുന്നതിന് അനിവാര്യവുമാണ്. ലോകം ആധുനിക സാങ്കേതിക വിദ്യയുടെ ചിറകിലേറി മുന്നേറുമ്പോൾ അതിന്റെ പ്രയോജനം ജനാധിപത്യത്തിനും ലഭ്യമാവണം എന്ന നിലയിലാണ് വോട്ടിങ് മെഷീനുകൾ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ തുടങ്ങിയത്. അത് വോട്ടെടുപ്പും വിധിനിർണയവും വേഗത്തിൽ പൂർത്തിയാക്കുന്നതിനും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനും സഹായിച്ചു എന്നത് രാജ്യത്തെ ജനതയ്ക്ക് വലിയ പ്രതീക്ഷയും വിശ്വാസവും നൽകിയിരുന്നു. എന്നാൽ ഇവിഎം ഹാക്ക് ചെയ്യാൻ സാധിക്കുമെന്നും അത് തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാൻ കാരണമാവും എന്നുമുള്ള വാർത്തകളും വെളിപ്പെടുത്തലുകളും ആരോപണങ്ങളുമെല്ലാം വലിയ നിരാശയാണ് നൽകുന്നത്. ഇക്കഴിഞ്ഞ ബംഗാൾ തെരഞ്ഞെടുപ്പിൽ തന്നെ താൻ വോട്ട് ചെയ്ത സ്ഥാനാർഥിക്കല്ല അത് രേഖപ്പെടുത്തിയത് എന്ന പരാതി ഉയരുന്ന സാഹചര്യം ഉണ്ടായി. വോട്ടിങ് മെഷീൻ പണിമുടക്കുന്നതും തെരഞ്ഞെടുപ്പുകാലത്തെ പതിവു പ്രശ്നമായി മാറിക്കഴിഞ്ഞു. അമേരിക്കപോലും ഇപ്പോഴും പേപ്പർ ബാലറ്റാണ് തെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നത് എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്. പേപ്പർ ബാ

> **“ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും മൂർച്ചയുള്ള ആയുധമാണ് വോട്ട്. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ രേഖപ്പെടുത്താൻ സ്വാതന്ത്ര്യവും സ്വകാര്യതയും വോട്ടർമാർക്ക് നൽകുന്നു എന്നതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യങ്ങളിൽ പ്രധാനം. മത്സരിക്കുന്ന സ്ഥാനാർഥികളിൽ ആരോടും താൽപര്യമില്ലെങ്കിൽ നോട്ടക്ക് വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യവുമുണ്ട്. കാടിളക്കി പ്രചാരണങ്ങൾ നടത്തിയാലും സ്വാധീനിക്കാൻ ശ്രമങ്ങൾ നടത്തിയാലും എന്തൊക്കെ തന്ത്രങ്ങൾ പയറ്റിയാലും ആരും കാണാതെ വോട്ട് രേഖപ്പെടുത്താനും അതുവഴി സ്വന്തം താൽപര്യം വോട്ടായി രേഖപ്പെടുത്താനും അവസരം ലഭിക്കുന്നു എന്നത് വ്യക്തി സ്വാതന്ത്ര്യത്തിനും വോട്ടറുടെ ഹിതത്തിനും ജനാധിപത്യ സംവിധാനം നൽകുന്ന പ്രാധാന്യമാണ് ബോധ്യപ്പെടുത്തുന്നത്.”**



ലറ്റ് തിരിച്ചുകൊണ്ടുവന്ന് ജനാധിപത്യ പ്രക്രിയയെ സുതാര്യവും സത്യസന്ധവുമാക്കാനുള്ള ശക്തമായ ഇടപെടലുകൾ ജനാധിപത്യ വിശ്വാസികളുടെ ഭാഗത്തുനിന്നും ഉണ്ടായേ മതിയാവൂ.

പ്രതിപക്ഷ നേതാവ് ഉന്നയിച്ച ആരോപണം അത്യന്തം ഗൗരവതരമാണ്. 3.22 ലക്ഷം വ്യാജവോട്ടുകളും മറ്റു മണ്ഡലങ്ങളിൽനിന്നെത്തി ചെയ്യാനിടയുള്ള 1.09 ലക്ഷം വ്യാജവോട്ടുകളും അടക്കം നാല് ലക്ഷത്തിൽ അധികം കള്ളവോട്ട് അല്ലെങ്കിൽ ഇരട്ട വോട്ടുകൾ ഉണ്ടെന്നാണ് പ്രതിപക്ഷ നേതാവ് ആരോപിക്കുന്നത്. കേവലം ആരോപണം ഉന്നയിക്കുക എന്നതിനപ്പുറം തെളിവു സഹിതം തെരഞ്ഞെടുപ്പ് കമ്മീഷനെയും ഹൈക്കോടതിയെയും അദ്ദേഹം സമീപിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള ആയിരക്കണക്കിന് വ്യാജ വോട്ടർമാർ കടന്നുകൂട്ടിയിട്ടുണ്ട്. അത് തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാൻ സാധിക്കുംവിധം ഗൗരവതരമാണ് എന്നതാണ് ആരോപണം. പ്രാഥമിക അന്വേഷണത്തിൽതന്നെ ഈ പരാതിയിൽ കഴമ്പുണ്ടെന്നും ഇത്തരം വോട്ടുകൾ തടയാൻ കർശനമായ നടപടികൾ സ്വീകരിക്കുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷണർ ടിക്കറാം മീണ ഉറപ്പ് നൽകുന്നുണ്ട്. കള്ളവോട്ട് തടയാൻ ശക്തമായ നടപടികൾ ഉണ്ടാവണമെന്ന് ഹൈക്കോടതിയും തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു. ഒരുവോട്ട് മാത്രമെ ചെയ്യുന്നുള്ളൂ എന്ന കാര്യം ഉറപ്പുവരുത്തണം. ഒരാൾ വിലാസം മാറി പുതിയ വിലാസത്തിൽ വോട്ടു ചെയ്യുന്നതിന് അപേക്ഷ നൽകുമ്പോൾ പഴയ വിലാസത്തിലുള്ള വോട്ട് തനിയെ ഇല്ലാതായിപ്പോകുന്ന സംവിധാനം ഇല്ലേ എന്ന് ഹൈക്കോടതി തെരഞ്ഞെടുപ്പ് കമ്മീഷനോട് ആരാഞ്ഞത് ശ്രദ്ധേയമാണ്.

ഒന്നിലധികം ബൂത്തിൽ ഒരാൾക്ക് വോട്ടു വന്നതെങ്ങനെ? അങ്ങനെയുണ്ടെങ്കിൽ തള്ളാൻ നൽകിയ അപേക്ഷകൾ എന്തുകൊണ്ട് പരിഗണിച്ചില്ല? രാഷ്ട്രീയ പാർട്ടികളും ഉദ്യോഗസ്ഥരും ആസൂത്രിതമായി നടത്തിയ ഗൂഢാലോചനയാണോ ഇത്രയധികം ഇരട്ട വോട്ടുകൾ ഉണ്ടാവാൻ കാരണം? ഒരേ മണ്ഡലത്തിൽ തന്നെ വ്യത്യസ്ത ബൂത്തുകളിലോ തൊട്ടടുത്ത മണ്ഡലങ്ങളിലോ ഒരാൾക്ക് തന്നെ വോട്ട് ഉണ്ട് എന്നത് കള്ളവോട്ട് ചെയ്യാനുള്ള ആസൂത്രിതമായ ശ്രമത്തിന്റെ ഭാഗമല്ലേ? ഒരേ ഫോട്ടോ പതിച്ച ഒന്നിലധികം വോട്ടുകൾ എങ്ങനെ വന്നു? അവർക്ക് വ്യത്യസ്ത പേരും മേൽവിലാസവും എങ്ങനെ ലഭ്യമായി? എന്ത് രേഖയാണ് വോട്ട് ചേർക്കാൻ അവർ ഹാജരാക്കിയത്? അത് വ്യാജമായിരുന്നോ? അവരുടെയൊക്കെ വോട്ടർ ഐഡി ആരുടെ കയ്യിലാണ്? ആരാണ് ഈ വോട്ടുകൾ ചേർത്തത്? ആരാണ് ഇതൊക്കെ ആസൂത്രണം ചെയ്തത്? ക്ലറിക്കൽ മിസ്റ്റേക്ക് ആണെങ്കിൽ ഇത്രയധികം അബദ്ധങ്ങൾ എങ്ങനെ വന്നു? ഇങ്ങനെ നിരവധി ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന് ചരമക്കുറിപ്പെഴുതാൻ തുനിഞ്ഞവരെ സമഗ്രമായ അന്വേഷണത്തിലൂടെ പുറത്ത് കൊണ്ടുവരികയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം.

മറ്റൊരാളുടെ വോട്ട് ചെയ്യാൻ ശ്രമിക്കുകയോ തന്റെ തന്നെ വോട്ട് മുമ്പ് ചെയ്ത വിവരം മറച്ചുവെച്ച് വീണ്ടും ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുന്നത് ജനപ്രാതിനിധ്യ നിയമമനുസരിച്ചും ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ചും കുറ്റകരമാണ്. ഐ.പി.സി. 171 എഫ് അനുസരിച്ച് ഒരു വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണത്. ആരുടെയെങ്കിലും പ്രേരണയ്ക്ക് വഴങ്ങിയാണ് കള്ളവോട്ട് ചെയ്യാൻ ശ്രമിച്ചതെങ്കിലും ശിക്ഷയിൽനിന്ന് ഒഴിവാകുകയില്ല. മറ്റൊരാളുടെ തിരിച്ചറിയൽരേഖ വ്യാജമായി ഉണ്ടാക്കിയാണ് വോട്ട് ചെയ്യാൻ ശ്രമിച്ചതെങ്കിൽ വ്യാജരേഖ ചമച്ചതിനും ആൾമാറാട്ടം നടത്തിയതിനും കൂടി കേസ് രജിസ്റ്റർ ചെയ്യും.

ഒരാൾക്ക് ഒരു വോട്ട് ചെയ്യാനുള്ള അവകാശമാണ് ജനാധിപത്യ സംവിധാനത്തിലുള്ളത്. അയാൾക്ക് ആ വോട്ട് ചെയ്യാൻ സാഹചര്യം ഒരുക്കുക എന്നത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ബാധ്യതയുമാണ്. ജോലി ആവശ്യാർഥമോ മറ്റോ സ്ഥലംമാറുകയും പുതിയ വിലാസത്തിൽ വോട്ട് ചേർക്കുകയും ചെ


യുമ്പോൾ പഴയ വോട്ട് ഇല്ലാതാക്കണം. മറ്റൊരിടത്ത് വോട്ടുള്ളവരുടെ ആദ്യത്തെ വോട്ട് വോട്ടർപട്ടികയിൽനിന്ന് നീക്കം ചെയ്യാൻ അതാത് സ്ഥലങ്ങളിലെ രാഷ്ട്രീയ പാർട്ടികൾ അപേക്ഷ നൽകാറുള്ളതും പതിവാണ്. മറ്റൊരിടത്ത് വോട്ടില്ലാത്തയാളുടെ വോട്ട് പോലും തള്ളാൻ എതിർപാർട്ടിക്കാർ ശ്രമിക്കുകയും അന്യായമായി വോട്ട് തള്ളി എന്ന നിലയിൽ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യാറുള്ള നമ്മുടെ നാട്ടിൽ തന്നെയാണ് ഇത്രയധികം ഇരട്ടവോട്ടുകൾ ഉണ്ടായത് എന്നത് അത്ഭുതാവഹമാണ്. അതിനെക്കാൾ ഗുരുതരം ഒരേ ഫോട്ടോ ഉപയോഗിച്ച് ഒന്നിലധികം പേരിലും വിലാസങ്ങളിലും വോട്ടുകൾ ഉണ്ടെന്നതാണ്.

ഇത് തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാൻ ആസൂത്രിതമായി നടത്തിയ നീക്കമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പട്ടാള അട്ടിമറിയോ ഏകാധിപത്യ ഭരണമോ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ജനാധിപത്യ സംവിധാനങ്ങളെ കൊലയ്ക്ക് കൊടുക്കുമ്പോൾ വിദ്യാസമ്പന്നരും ബൗദ്ധികമായി ഉയർന്ന നിലവാരം പുലർത്തുകയും ചെയ്യുന്നവരുള്ള കേരളത്തിൽ ഇത്തരത്തിലുള്ള ഗുരുതര അട്ടിമറിക്ക് കൂട്ടുനിന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരേണ്ടത് നമ്മുടെ ജനാധിപത്യത്തിന്റെ നിലനിൽപിന് അനിവാര്യമാണ്. കക്ഷി രാഷ്ട്രീയ ഭേദമന്യെ മുഴുവൻ ജനാധിപത്യ വിശ്വാസികളും ഈ വിഷയത്തെ ഗൗരവതരമായി തന്നെ സമീപിക്കണം.

മിക്ക മണ്ഡലങ്ങളിലും അതിശക്തമായ മത്സരമാണ് നടക്കുന്നത്. ഓരോ വോട്ടും ജയപരാജയങ്ങൾ തീരുമാനിക്കാൻ ഉതകുന്ന സാഹചര്യത്തിൽ ഇത്രയധികം അനധികൃത വോട്ടുകൾ ജനവിധിയെ അട്ടിമറിക്കാൻ കാരണമാകും എന്നതിൽ സംശയമില്ല. കേരളത്തിനു പുറത്ത് രാഷ്ട്രീയ കുതിരക്കച്ചവടത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ ഭരണകൂടങ്ങളെ അട്ടിമറിച്ച ഫാസിസ്റ്റ് ശക്തികൾക്കെതിരെ ശക്തവും ധീരവുമായ നിലപാടെടുത്തവരാണ് മലയാളികൾ. അത്തരം ഹീനകൃത്യങ്ങൾ ജനാധിപത്യത്തിന്റെ കളങ്കമായി രേഖപ്പെടുത്തപ്പെടുകയും ചെയ്യും. ജനവിധിയെ അട്ടിമറിക്കാനുള്ള ആയുധമായി പണത്തെയും സ്വാധീനത്തെയും ഉപയോഗപ്പെടുത്തുന്ന ഫാസിസ്റ്റുകാലത്ത് സുതാര്യമായ തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാനുള്ള ഒരു നീക്കത്തിനും കേരളീയർ കൂട്ടുനിന്നുകൂടാ. അത് നിയമവിരുദ്ധമാണ് എന്നതിനപ്പുറം ആത്മഹത്യാപരവുമാണ്. താൽക്കാലിക ലാഭങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം പൊടിക്കൈകൾ ജനാധിപത്യത്തെ കൊല്ലുന്നതാണ് എന്ന തിരിച്ചറിവ് മലയാളിക്ക് ഉണ്ടാവണം. മുൻകാലങ്ങളിലും ഇത്തരം ആരോപണങ്ങൾ ഉയർന്നുവന്നിരുന്നു. അത് ഗൗരവപൂർവം ചർച്ച ചെയ്യപ്പെടാതെ പോയതിന്റെ പരിണിതഫലമാണിത്. ഇനിയും നമ്മൾ ഉറങ്ങരുത്, ഉണർന്നിരിക്കാം ഈ കൊള്ളരുതായ്മക്കെതിരെ.

ഏറ്റവും നിർണായകമായ തെരഞ്ഞെടുപ്പാണ് നടക്കാനിരിക്കുന്നത്. അത് സുതാര്യമായും കുറ്റമറ്റ രീതിയിലും നടക്കേണ്ടത് നാടിന്റെ ആവശ്യമാണ്. അത് ഉറപ്പ് വരുത്താനുള്ള ബാധ്യത തെരഞ്ഞെടുപ്പ് കമ്മീഷനും രാഷ്ട്രീയ പാർട്ടികൾക്കും ഉണ്ട്.

ലോകം വിവര സാങ്കേതിക രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തിയ കാലമാണിത്. അതിന്റെ പ്രതിഫലനങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും നമ്മൾ കാണുന്നു. എല്ലാം ഹൈടെക്ക് ആണ്. ഓരോ സ്ഥാനാർഥിയോടൊപ്പവും മുഴുസമയ ക്യാമറാമാൻമാർ ഇന്നുണ്ട്. ഓരോ ചലനവും വിട്ടുപോകാതെ പകർത്തിയെടുത്ത് അത് വോട്ടർമാരിലേക്ക് എത്തിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നവരാണ് എല്ലാ സ്ഥാനാർഥികളും. തങ്ങളുടെ സുതാര്യതയും സത്യസന്ധതയും ഒക്കെ ബോധ്യപ്പെടുത്തൽ കൂടിയാണ് ഈ പ്രചാരണ രീതികൾകൊണ്ട് അവർ ഉദ്ദേശിക്കുന്നത്. ഈ സത്യസന്ധതയും സുതാര്യതയും വോട്ടെടുപ്പ് കേന്ദ്രങ്ങളിലും ഉറപ്പുവരുത്താൻ ഓരോ സ്ഥാനാർഥിയും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ സഹായിക്കാൻ തയ്യാറായാൽ കുറ്റമറ്റ രീതിയിൽ തന്നെ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കും. തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക പരിശോധിച്ച് വ്യാജവോട്ടുകൾ മരവിപ്പിക്കുകയാണ് ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത്. മുഴുവൻ പോളിംഗ് സ്റ്റേഷനുകളിലും ലൈവ്



> ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് ഭക്ഷ്യവിഭവങ്ങൾ സൗജന്യമായി ലഭ്യമാക്കാനോ റോഡ് വികസിപ്പിക്കാനോ പാർപ്പിടം ലഭ്യമാക്കാനോ മാത്രമല്ല. വികസനം പ്രധാനംതന്നെയാണ്. അതിനെക്കാൾ പ്രധാനം നിയമനിർമാണ സഭ എന്ന പേര് അന്വർഥമാക്കുന്ന നിയമനിർമാണങ്ങളുടെ ഭാഗമാവുക എന്നതാണ്. നമ്മുടെ സ്വൈര്യജീവിതത്തെയും ഉപജീവന മാർഗങ്ങളെയും നാടിന്റെ സമാധാനത്തെയും ഒക്കെ ബാധിക്കുന്ന നിയമനിർമാണങ്ങളിൽ ജനങ്ങളുടെ ഭാഗത്തുനിന്ന് സംസാരിക്കാനും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഇടപെടാനും ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ട്.

ബ്രോഡ്കാസ്റ്റ് സംവിധാനം ഉണ്ടാവുകയും അവ നിരീക്ഷിക്കാൻ ഉദ്യോഗസ്ഥരെ നിയമിക്കുകയും വേണം. കള്ളവോട്ടും ഇരട്ടവോട്ടും തടയാൻ ഒരു പരിധി വരെ ഇതിലൂടെ സാധ്യമാവും.

ഓരോ പോളിങ് ബൂത്തിലും സ്ഥാനാർഥികളുടെ എജന്റുമാർ മുഴുസമയം ഉണ്ടാവും. അവർ അവരുടെ ബൂത്തിലെ എല്ലാവരെയും വ്യക്തിപരമായി അറിയുന്നവർ തന്നെയാവും. അതുകൊണ്ട് തന്നെ അന്യായമായി ആരെങ്കിലും വോട്ട് ചെയ്യാൻ എത്തിയാൽ അത് ഉന്നയിക്കുകയും അത്തരം പ്രവണതകൾ ഇല്ലാതാക്കാൻ ജാഗ്രത പാലിക്കുകയും വേണം. അന്യദേശങ്ങളിൽനിന്നെത്തുന്ന തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ഇതിൽ പരിമിതികൾ ഉണ്ടാവാം. അവരെ ഭീഷണിപ്പെടുത്തിയും എതിർസ്ഥാനാർഥികളുടെ ഏജന്റുമാരെ ബൂത്തിലിരിക്കാൻ സമ്മതിക്കാതെയും ജനാധിപത്യത്തെ വെല്ലുവിളിക്കുന്നവരെ നിയന്ത്രിക്കാൻ അതാത് പാർട്ടിനേതൃത്വങ്ങൾക്ക് ഇച്ഛാശക്തിയുണ്ടാവണം. അത് അവരുടെ ബാധ്യത കൂടിയാണ്. ജയവും തോൽവിയും ജനാധിപത്യത്തിന്റെ ഭാഗമാണ്, ജനഹിതമാണ് പ്രധാനം. അതിനെ വെല്ലുവിളിക്കുന്നതിലൂടെ ജനാധിപത്യത്തിന്റെ മരണമണി മുഴക്കുകയാണ് ചെയ്യുന്നത്.

### വോട്ട് വിവേകപൂർവം വിനിയോഗിക്കാം

തെരഞ്ഞടുപ്പ് ഒരു വൈകാരിക പ്രകടനമല്ല; മറിച്ച് നമ്മുടെയും നാടിന്റെയും ഭാവി നിർണയിക്കുന്ന കാര്യംകൂടിയാണത്. ഏതെങ്കിലും സ്ഥാനാർഥികളോ പാർട്ടികളോ ജയിക്കുന്നു, അല്ലെങ്കിൽ പരാജയപ്പെടുന്നു എന്ന ലാഘവത്തോടെ നാം ഇതിനെ കാണരുത്. 'എല്ലാവരും കണക്കാണ്' എന്ന നിലപാട് ശരിയല്ല. കഴിഞ്ഞ ദിവസം ട്വന്റി ട്വന്റിയുടെ പ്രധാന നേതാവുമായി ഒരു ചാനൽ നടത്തിയ അഭിമുഖത്തിൽ ശ്രദ്ധേയമായ പല രാഷ്ട്രീയ നിലപാടുകളെ കുറിച്ചും ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉത്തരം നമ്മെ ഏവരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. കാർഷിക നിയമത്തെ കുറിച്ചും കർഷക സമരത്തെ കുറിച്ചുമുള്ള ചോദ്യത്തിന് അത് ആലോചിച്ചു തീരുമാനിക്കും എന്നതായിരുന്നു ഉത്തരം! പൗരത്വ ഭേദഗതി നിയമത്തെ കുറിച്ചുള്ള ചോദ്യത്തിനും സമാനമായ മറുപടി! മറ്റു പല വിഷയങ്ങളിലും ഈ നിലപാടില്ലായ്മ പ്രകടമായിരുന്നു. മുകളിൽ സൂചിപ്പിച്ച രണ്ട് വിഷയങ്ങളും രാജ്യം മാസങ്ങളോളമായി ചർച്ച ചെയ്തതും അവയിൽ പതിയിരിക്കുന്ന അപകടം തിരിച്ചറിഞ്ഞവർ ശക്തമായി പ്രതിഷേധിച്ചതുമാണ്. അതിൽ ഇത്തരം നിലപാടില്ലായ്മ കാണിക്കുന്നതുതന്നെ ജനാധിപത്യത്തിന്റെ ബാലപാഠം പോലും അറിയാത്തതിനാലാണ്. അല്ലെങ്കിൽ കാപട്യം കാണിക്കുകയാണ്.

ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് നിയമനിർമാണ സഭ എന്ന പേര് അന്വർഥമാക്കുന്ന നിയമനിർമാണങ്ങളുടെ ഭാഗമാവുക എന്നതിനാണ്. ഭക്ഷ്യവിഭവങ്ങൾ സൗജന്യമായി ലഭ്യമാക്കാനോ റോഡ് വികസിപ്പിക്കാനോ പാർപ്പിടം ലഭ്യമാക്കാനോ മാത്രമല്ല. വികസനം പ്രധാനംതന്നെയാണ്. അതിനെക്കാൾ പ്രധാനം നമ്മുടെ സ്വൈര്യജീവിതത്തെയും ഉപജീവന മാർഗങ്ങളെയും നാടിന്റെ സമാധാനത്തെയും ഒക്കെ ബാധിക്കുന്ന നിയമനിർമാണങ്ങളിൽ ജനങ്ങളുടെ ഭാഗത്തുനിന്ന് സംസാരിക്കാനും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ഇടപെടാനും ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ട്. അത് നമ്മൾ മറന്നുപോകുമ്പോൾ നമ്മൾ അമർത്തിയ ബട്ടൺ ജനങ്ങളുടെ സ്വൈര്യജീവിതത്തിനു വിഘാതമാകുന്നവർക്കുള്ള പിന്തുണയായി മാറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വോട്ട് വിവേകപൂർവം, സുചിന്തിതമായി രേഖപ്പെടുത്തേണ്ടതാണ്. അത് നമ്മുടെ അവകാശമാണ്; ബാധ്യതയും. നാടിന്റെയും നമ്മുടെയും നല്ല ഭാവിക്ക് അനിവാര്യതയും.



7

ഇസ്‌ലാമിക അനന്തരാവകാശം

ലേഖനം

# ഔൽ മസ്അലയും വിമർശകരും

ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

അറിവില്ലായ്മ മനുഷ്യനെ അപകടത്തിലേക്ക് എത്തിക്കും. അറിയാത്ത കാര്യങ്ങൾ അറിയുന്നവരോട് ചോദിച്ചു പഠിക്കൽ മനുഷ്യന്റെ സദ്ഗുണമായാണ് പരിഗണിക്കപ്പെടുന്നത്. തനിക്ക് യാതൊരു വിവരവുമില്ലാത്ത വിഷയത്തിൽ ഊഹങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്താവനകൾ നടത്തുന്നത് കടുത്ത അപരാധവുമാണ്. അതാണ് ഇസ്‌ലാംവിമർശകർ ചെയ്തുകൊണ്ടിരിക്കുന്നത്. അതിനൊരു ഉദാഹരണമാണ് ഇസ്‌ലാമിക അനന്തരാവകാശത്തിലെ 'ഔൽ മസ്അല.' ഈ വിഷയത്തിൽ ചിലപ്പോഴെങ്കിലും സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കാൻ വിമർശകർക്ക് സാധിച്ചേക്കാം. അതിന്റെ വസ്തുത എന്താണെന്ന് നമുക്ക് പരിശോധിക്കാം.

വിമർശകർ ഉന്നയിക്കാറുള്ള ഒരു ചോദ്യം ആദ്യം നമുക്ക് പരിചയപ്പെടാം: ഒരു സ്ത്രീ മരണപ്പെട്ടു. അവർക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, സഹോദരി, ഉമ്മ എന്നിവരാണ്. ഭർത്താവിന്റെ നിശ്ചിതോഹരി സ്വത്തിന്റെ പകുതി. സഹോദരിയുടെ നിശ്ചിതോഹരിയും സ്വത്തിന്റെ പകുതി. രണ്ട് പകുതികൾ കൂടി സ്വത്ത് മുഴുവൻ വിഹിതംവെച്ചു കഴിഞ്ഞാൽ പിന്നെ ഉമ്മയുടെ നിശ്ചിതോഹരിയായ മൂന്നിലൊന്ന് എവിടെ നിന്നും എടുത്തുകൊടുക്കും എന്നതാണ് ആ ചോദ്യം.

പ്രത്യക്ഷത്തിൽ എന്തോ പ്രശ്നം ഇതിലുണ്ടെന്ന് തോന്നിയേക്കാം. ഈ ലേഖനം വായിച്ച് തീരും മുമ്പ് അതിനുള്ള ഉത്തരം നിങ്ങൾക്കുതന്നെ കണ്ടെത്താൻ സാധിക്കും, ഇൻശാ അല്ലാഹ്.

ഇസ്‌ലാമിക അനന്തരാവകാശനിയമത്തിൽ നിശ്ചിതോഹരികൾ 1/2, 1/4, 1/6, 1/8, 1/3, 2/3 എന്നീ ആറ് ഓഹരികളാണന്ന് മുമ്പ് നാം മനസ്സിലാക്കി. അതിന്റെ അടിസ്ഥാനത്തിൽ സ്വത്ത് വിഹിതം വെക്കുന്നതിനായി മേൽസൂചിപ്പിച്ച ഭിന്നസംഖ്യകളുടെ ല.സാ.ഗുകളായി വരുന്ന 2,3,4,6,8,12,24 എന്നീ സംഖ്യകളെയാണ് കർമശാസ്ത്രപണ്ഡിതൻമാക്കിടയിൽ ഏകോപിച്ച അടിസ്ഥാന ഓഹരികളായി കണക്കാക്കപ്പെട്ടിട്ടുള്ളത്.

മരണപ്പെട്ട വ്യക്തിയുടെ സ്വത്ത് അവകാശികൾക്ക് വിഹിതം വെക്കുമ്പോൾ നിശ്ചിതോഹരിക്കാരുടെ വ്യക്തിയോഹരികളും ക്രിയയുടെ അടിസ്ഥാന ഓഹരികളും തമ്മിൽ പരസ്പരം താരതമ്യം ചെയ്താൽ അവയ്ക്കിടയിൽ മൂന്ന് അവസ്ഥകൾ കടന്നുവരുന്നതായി സാധാരണ ഗതിയിൽ കാണാൻ സാധിക്കും.

### ഒന്ന്: ആദിൽ

നിശ്ചിതോഹരിക്കാരുടെ വ്യക്തിയോഹരികളുടെ തുകയും ക്രിയയുടെ അടിസ്ഥാന ഓഹരികളും തുല്യമായി വരുന്ന അവസ്ഥ. ഇതിന് 'ആദിൽ' എന്നാണ് ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിന്റെ സാങ്കേതിക പ്രയോഗം. അതിനൊരു ഉദാഹരണം കാണുക:

ഒരാൾ മരണപ്പെട്ടു. പരേതന് അനന്തരാവകാശികളായുള്ളത് മാതാവും പിതാവുമൊത്ത രണ്ട് സഹോദരിമാരും മാതാവൊത്ത രണ്ട് സഹോദരൻമാരുമാണെന്ന് കരുതുക. മാതാവും പിതാവുമൊത്ത രണ്ട് സഹോദരിമാർക്കുള്ള നിശ്ചിതോഹരി മൂന്നിൽരണ്ടും മാതാവൊത്ത സഹോദരൻമാർക്കുള്ള നിശ്ചിതോഹരി മൂന്നിൽഒന്നുമാണ്. സ്വത്തിനെ മൂന്ന് ഓഹരിയാക്കി രണ്ട് ഓഹരി മാതാവും പിതാവുമൊത്ത സഹോദരിമാർക്കും ഒരു ഓഹരി മാതാവൊത്ത സഹോദരൻമാർക്കും നൽകപ്പെടും. ഇവിടെ വ്യക്തികൾക്കുള്ള നിശ്ചിതോഹരികളുടെ തുക 2+1 = 3 ആണ്. അതേ മൂന്ന് തന്നെയാണ് ഈ പ്രശ്നത്തിലെ അടിസ്ഥാന ഓഹരിയും.

| അവകാശികൾ | അവകാശം | ഓഹരി 3 |
|---|---|---|
| മാതാവും പിതാവുമൊത്ത രണ്ട് സഹോദരികൾ | ⅔ | 2 |
| മാതാവൊത്ത സഹോദരൻമാർ | ⅓ | 1 |

### രണ്ട്: നാകിസ്

നിശ്ചിതോഹരിക്കാരുടെ വ്യക്തിയോഹരികളുടെ തുക ക്രിയയുടെ അടിസ്ഥാന ഓഹരികളെക്കാൾ കുറവായി വരുന്ന അവസ്ഥ. ഇതിന് 'നാകിസ്' എന്നാണ് ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിന്റെ സാങ്കേതിക പ്രയോഗം. നാകിസിൽ മൂന്ന് രൂപം കടന്നുവരും:

1. നിശ്ചിതോഹരിക്കാരും ശിഷ്ടമോഹരിക്കാരും ഒന്നിച്ചുവരുന്ന അവസ്ഥ: അത്തരം അവസ്ഥകളിൽ നിശ്ചിതോഹരിക്കാർ അനന്തരമെടുത്ത് അവശേഷിക്കുന്ന സ്വത്ത് ശിഷ്ടമോഹരിക്കാർ അനന്തരമെടുക്കും. ഉദാഹരണം കാണുക:

ഒരാൾ മരണപ്പെട്ടു. പരേതന് അനന്തരാവകാശികളായുള്ളത് മാതാവും മകളും ഒരു സഹോദരിയുമാണെന്ന് കരുതുക. മാതാവിന്റെ നിശ്ചിതോഹരി ആറിൽഒന്ന്, മകളുടെ നിശ്ചിതോഹരി പകുതി എന്നിങ്ങനെയാണ്. ഈ ക്രിയയുടെ അടിസ്ഥാനോഹരി ആറുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഓഹരി മാതാവിനും മൂന്ന് ഓഹരി മകൾക്കും നൽകപ്പെട്ടാൽ ആറിൽ രണ്ടോഹരി അവശേഷിക്കുന്നുണ്ട്. അത് ശിഷ്ടമോഹരിക്കാരായ സഹോദരിക്കും നൽകപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 6 |
|---|---|---|
| മാതാവ് | ⅙ | 1 |
| മകൾ | ½ | 3 |
| സഹോദരി | ബാക്കി | 2 |

2. പരേതന്റെ അനന്തരാവകാശികളായി ഭാര്യയോ ഭർത്താവോ അല്ലാത്ത നിശ്ചിതോഹരിക്കാർ ഉണ്ടാകുകയും അവരുടെ വ്യക്തിയോഹരികൾ അടിസ്ഥാന ഓഹരികളെക്കാൾ കുറവായി വരുകയും ചെയ്യുന്ന അവസ്ഥ: ഇത്തരം ഘട്ടത്തിൽ നിശ്ചിതോഹരിക്കാരുടെ വ്യക്തിയോഹരികളുടെ മൊത്തം എണ്ണം അടിസ്ഥാന ഓഹരിയായി പരിഗണിച്ച് അനന്തരാവകാശികൾക്കിടയിൽ വീതിക്കപ്പെടും. ഇതിന് 'റദ്ദ് മസ്അല' എന്നാണ് ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിന്റെ സാങ്കേതിക പ്രയോഗം. ഉദാഹരണം കാണുക:

പരേതന് അവകാശികളായുള്ളത് മാതാവും ഒരു മകളും മകന്റെ ഒരു മകളുമാണെന്ന് കരുതുക. മാതാവിന്റെ നിശ്ചിതോഹരി 1/6 (ആറിൽ ഒന്ന്). മകളുടെ നിശ്ചിതോഹരി സ്വത്തിന്റെ 1/2 (പകുതി). മകന്റെ മകളുടെ നിശ്ചിതോഹരി 1/6 (ആറിൽ ഒന്ന്).

ഈ ക്രിയയിലെ അടിസ്ഥാന ഓഹരി വ്യക്തികളുടെ നിശ്ചിതോഹരിയുടെ ല.സാ.ഗു ആയ 6 ആണ്. ഈ ല.സാ.ഗുവിന്റെ അടിസ്ഥാനത്തിൽ പ

രേതന്റെ മാതാവിന് ഒരു ഓഹരി, മകൾക്ക് മൂന്ന് ഓഹരി, മകന്റെ മകൾക്ക് ഒരു ഓഹരി എന്നിങ്ങനെയാണ്. വ്യക്തികൾക്ക് ലഭിച്ച നിശ്ചിതോഹരികൾ ഒന്നിച്ചുകൂട്ടിയാൽ ലഭിക്കുന്ന സംഖ്യ 5. അപ്പോൾ മൊത്തം സ്വത്തിനെ ആറ് ഓഹരിയാക്കുന്നതിനു പകരം അഞ്ച് ഓഹരിയാക്കുകയും ഒരു ഓഹരി മാതാവിനും മൂന്ന് ഓഹരി മകൾക്കും ഒരു ഓഹരി മകന്റെ മകൾക്കും നൽകപ്പെടുകയും ചെയ്യും. ഓരോരുത്തർക്കും അവരുടെ നിശ്ചിതോഹരിക്ക് അനുസൃതമായി സ്വത്തിൽ വർധനവ് ലഭിക്കുകയും ചെയ്യും.

| **അവകാശികൾ** | **അവകാശം** | **ഓഹരി 6** | **റദ്ദ് 5** |
|---|---|---|---|
| മാതാവ് | ⅙ | 1 | 1 |
| മകൾ | ½ | 3 | 3 |
| മകന്റെ മകൾ | ⅙ | 1 | 1 |

3. ഒരാൾ മരണപ്പെട്ടു. പരേതന് അനന്തരാവകാശികളായുള്ളത് ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവർക്ക് പുറമെ മറ്റു നിശ്ചിതോഹരിക്കാരും. അവരുടെ നിശ്ചിതോഹരി നാകിസ് വിഭാഗത്തിലുമാണെന്ന് കരുതുക. എങ്കിൽ ആദ്യം ഇണകൾക്കുള്ള ഓഹരി കണക്കാക്കി അവശേഷിക്കുന്ന ഓഹരികൾ നിശ്ചിതോഹരിക്കാർക്ക് അവരുടെ ഓഹരികൾ കണക്കാക്കി റദ്ദായി നൽകപ്പെടും.

ഉദാഹരണം കാണുക: ഒരു സ്ത്രീ മരണപ്പെട്ടു. പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മാതാവ്, സഹോദരി എന്നിവരാണെന്ന് കരുതുക. ആദ്യം ഭർത്താവിന്റെ പകുതി ഓഹരി കഴിച്ച് അവശേഷിക്കുന്ന പകുതി മുഴുവനായും മാതാവിനും സഹോദരിക്കും നിശ്ചിതോഹരിയായും റദ്ദായും നൽകപ്പെടും.

| **അവകാശികൾ** | **അവകാശം** | **ഭർത്താവിന്റെ ഓഹരി 4\4** | **അവകാശം** | **ഓഹരി 6– 4\3** | **മൊത്തം ഓഹരി 16** |
|---|---|---|---|---|---|
| ഭർത്താവ് | ¼ | 1 | * | * | 4 |
| മാതാവ് | ബാക്കി | 3 | ⅙ | 1 | 3 |
| മകൾ | | | ½ | 3 | 9 |

**മൂന്ന്: ഔൽ**

പരേതന്റെ അനന്തരാവകാശികളുടെ നിശ്ചിതോഹരികളുടെ ആകെത്തുക അവരുടെ അടിസ്ഥാനോഹരിയെക്കാൾ വർധിച്ച് വരുന്ന അവസ്ഥ അനന്തരസ്വത്ത് വിഹിതം വെക്കുമ്പോൾ ഉണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ പരേതന്റെ അ



നന്തരാവകാശികളുടെ നിശ്ചിതോഹരികളുടെ ആകെത്തുക ക്രിയയുടെ അടിസ്ഥാനോഹരിയായി പരിഗണിച്ച് അവകാശികൾക്കിടയിൽ ഭാഗിച്ച് നൽകപ്പെടും. ഇതിന് 'ഔൽ മസ്അല' എന്നാണ് ഇസ്ലാമിക അനന്തരാവകാശ നിയമത്തിന്റെ സാങ്കേതിക പ്രയോഗം. ഒരു ഉദാഹരണം കാണുക:

പരേതക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവും രണ്ട് സഹോദരിമാരുമാണെന്ന് കരുതുക. സ്വത്തിന്റെ 1/2 (പകുതി) ഭർത്താവിനും 2/3 (മൂന്നിൽ രണ്ട്) സഹോദരിമാർക്കും അവകാശപ്പെട്ടതാണ്. ഈ കണക്കിൽ ല.സാ.ഗു വരുന്നത് 6 ആണ്. ആറിന്റെ പകുതി മൂന്നും, ആറിന്റെ മൂന്നിൽ രണ്ട് നാലുമാണ്. ആ രണ്ട് സംഖ്യകൾ തമ്മിൽ കൂട്ടിയാൽ ലഭിക്കുന്ന തുക ഏഴുമാണ്. അതിനാൽ ഈ ക്രിയയുടെ അടിസ്ഥാനോഹരിയായി ആറിന് പകരം ഏഴിനെ സ്വീകരിച്ച് മൊത്തം സ്വത്തിനെ ഏഴ് ഓഹരിയാക്കി 3 ഓഹരി ഭർത്താവിനും 4 ഓഹരി സഹോദരിമാർക്കും അവകാശമായി നൽകപ്പെടും. അത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ നിശ്ചിതോഹരിക്ക് അനുസൃതമായി ഓരോ അവകാശിക്കും ഓഹരികളിൽ കുറവ് സംഭവിക്കും.


| **അവകാശികൾ** | **അവകാശം** | **ഓഹരി 6** | **ഔൽ 7** |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3 |
| രണ്ട് സഹോദരികൾ | ⅔ | 4 | 4 |

ഈ വിഷയം ആദ്യമായി ഉണ്ടായത് രണ്ടാം ഖലീഫയായ ഉമറുൽ ഫാറൂഖി(റ)ന്റെ കാലഘട്ടത്തിലാണ്. അന്ന് ജീവിച്ചിരുന്ന പ്രമുഖ സ്വഹാബിമാരുമായി കൂടിയാലോചന നടത്തി മേൽപറഞ്ഞ പ്രകാരം വിധിക്കുകയാണ് ഉമർ(റ) ചെയ്തത്.

**(അവസാനിച്ചില്ല)**

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

16

രണ്ടാഴ്ചകൊണ്ട് ഒരു ചെറിയ നമസ്കാരപ്പള്ളിയുടെ നിർമാണം പൂർത്തീകരിച്ചു. പണി നടക്കുമ്പോൾ പലരും ചോദിച്ചു; എന്താണ് പണിയുന്നത്, പള്ളിയോ മറ്റോ ആണോ എന്നൊക്കെ. ഒരു കൊച്ചുവീടാണെന്നു പറഞ്ഞു.

അടുത്ത ലക്ഷ്യം ഒരു മൈക്ക് സെറ്റ് സംഘടിപ്പിക്കുക എന്നതായിരുന്നു. പലരെയും രഹസ്യമായി സമീപിച്ചു; രക്ഷയുണ്ടായില്ല. അവസാനം കട്ടയും സിമന്റും സംഭാവന ചെയ്ത വ്യക്തിയെ വിളിച്ചു. അദ്ദേഹം എരുമേലി വലിയ പള്ളിയിലെ കമ്മിറ്റി അംഗമാണ്. ആലോചിച്ചു പറയാം എന്നായിരുന്നു മറുപടി.

ഇതിനോടകം ഇസ്‌ലാം സ്വീകരിച്ച പത്തു കുടുംബങ്ങൾ കൊടുംപട്ടിണിയിലും ദാരിദ്ര്യത്തിലും ഞെരിഞ്ഞമർന്നു. യാതൊരു തൊഴിലുമില്ല. ഇതിൽ ഒൻപതു കുടുംബത്തിന്റെയും ഏക വരുമാനമാർഗം വനത്തിൽ വ്യാ

ജവാറ്റും ചാരായം വിൽപനയുമായിരുന്നു. ഇസ്‌ലാമിലായതോടെ ഈ വഴി അടഞ്ഞു. മതം മാറിയതിന്റെ പേരിൽ പലർക്കും കൂലിപ്പണിപോലും നിഷേധിക്കപ്പെട്ടു. ദാരിദ്ര്യം സഹിക്കവയ്യാതെ രണ്ടു കുടുംബങ്ങൾ പഴയതിലേക്ക് മടങ്ങിപ്പോയി.

ഒരാഴ്ച പിന്നിട്ടു. പഴയ ഒരു മൈക്ക്സെറ്റും അനുബന്ധ സാധനങ്ങളും അയാൾ തരാമെന്നേറ്റു. ഇതു പരസ്യമായി ഊരിലെത്തിക്കുക എന്നത് അപകടമാണ്. രാത്രിയിൽ തലച്ചുമടായി എത്തിച്ചു. ഫിറ്റിംഗ് സുലൈമാന് അറിയാമായിരുന്നതിനാൽ ബുദ്ധിമുട്ടേണ്ടിവന്നില്ല. രാത്രിയിൽ തന്നെ കോളാമ്പികൾ പ്ലാവിന്റെ മുകളിൽ കെട്ടി. ഫിറ്റിംഗ്സ് എല്ലാം പൂർത്തീകരിച്ചു.

കോളനിയിൽ ഒരു മുസ്‌ലിം പള്ളി ഉയർന്നു എന്നറിയുമ്പോൾ സംഭവിക്കാവുന്ന പ്രത്യാഘാതങ്ങൾ എല്ലാവരെയും ആശങ്കയിലാക്കി. 1985ൽ ഏതാനും ക്രൈസ്തവ വിശ്വാസികൾ ഇവിടെ ആരാധനക്കായി ചെറിയൊരു പള്ളിഷെഡും കുരിശും സ്ഥാപിച്ചു. ദിവസങ്ങൾക്കുള്ളിൽ അത് ഊരുവാസികൾ ചേർന്ന് അടിച്ചുപൊളിച്ചു നശിപ്പിച്ചുകളഞ്ഞു. പോലീസ് കേസായി. കേസ് തീർപ്പുകൽപിച്ചത് ഇപ്രകാരം:

'ആദിവാസികളുടെ സങ്കേതത്തിൽ അവരുടെ ആചാരത്തിനും വിശ്വാസത്തിനും എതിരായി, യാതൊരു മതവിശ്വാസത്തിനും സ്ഥാപനത്തിനും അനുവാദം നൽകുവാൻ പാടില്ല.'

ഇതു ഞങ്ങളെയും ബാധിക്കില്ലേയെന്നുള്ള ഉൾഭയം ശരിക്കും ഉണ്ടായിരുന്നു. അല്ലാഹു കാര്യങ്ങൾ നിയന്ത്രിക്കട്ടെ. അടിയുറച്ച വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട് ബാപ്പയോടും ഉമ്മയോടും അനുവാദം ചോദിച്ചു. പള്ളിയിൽ കയറി; നുറുങ്ങുന്ന ഹൃദയത്തോടും ഒഴുകുന്ന ചൂടുകണ്ണീരോടും രണ്ടുറക്അത്ത് നമസ്കരിച്ചു, പ്രാർഥിച്ചു: "അല്ലാഹുവേ, ബലഹീനരും ദരിദ്രരും നിരാശ്രയരുമായ ഞങ്ങൾ ചെയ്യാൻ പോകുന്നതിന്റെ പിന്നിൽ വരാൻ പോകുന്നത് എന്തൊക്കെയെന്ന് ഞങ്ങൾക്കറിയില്ല. നിനക്കു മാത്രമെ എല്ലാം അറിയുകയുള്ളൂ. ഹൃദയത്തിന്റെ മിടിപ്പുപോലും നിയന്ത്രിക്കുന്നവനും എത്രയെന്നു കൃത്യമായി അറിവുള്ളവനും ഏകനായ നീ മാത്രമാണ്. നാഥാ, ഏകസത്യത്തിന്റെ മാറ്റൊലി, കൊടുംവനത്തിനുള്ളിൽ അടിയൻ വിളിച്ചോതുകയാണ്. കലാപങ്ങളും രക്തച്ചൊരിച്ചിലുമില്ലാതെ ലോകാവസാനംവരെ ബാങ്കുവിളി ഇവിടെ നിലനിർത്തേണമേ..."

മനസ്സിലും ശരീരത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന സകല വിഭ്രാന്തികളെയും നിയന്ത്രിച്ചുകൊണ്ട് ബാങ്കുവിളിച്ചു...

'അല്ലാഹു അക്ബർ, അല്ലാഹു അക്ബർ...'

1998 ആഗസ്റ്റ് 5, തിങ്കളാഴ്ച ദിവസം അസ്വ്ർ ബാങ്കിന്റെ ശബ്ദം വനത്തിൽ പ്രകമ്പനമുണ്ടാക്കി. ആ ശബ്ദം കോളനിക്കുള്ളിലും പരിസര ഗ്രാമത്തിലുമുള്ള ഓരോ കാതുകളിലുമെത്തി. നായ്ക്കൾ കൂട്ടത്തോടെ ഓലിയിട്ടു നാനാഭാഗത്തേക്കും ചിതറിയോടി. കെട്ടിയിട്ടിരുന്ന ചില മൃഗങ്ങൾ കയർ പൊട്ടിച്ചുകൊണ്ടോടി. എന്തോ കുഴപ്പം സംഭവിക്കുന്നു! ജനങ്ങൾ പരിഭ്രാന്തരായി.

മഗ്‌രിബ്, ഇശാഅ് ബാങ്കുകൂടിയായപ്പോൾ ജനങ്ങൾക്കു ബോധ്യപ്പെട്ടു; ആ പണിതത് ഒരു മുസ്‌ലിം പള്ളിയായിരുന്നുവെന്ന്. അടുത്തുള്ള ചാത്തൻതറ ജമാഅത്ത് പള്ളിക്കാർ അന്തംവിട്ടു. ഇത് എങ്ങനെ സംഭവിച്ചു? ഇവൻമാർക്ക് പള്ളിപണിയാനും മൈക്കു വാങ്ങാനും എവിടെനിന്നാ പണം കിട്ടിയത്? ആരാ സഹായിച്ചത്? ഇനിയും എന്തെല്ലാം പ്രശ്നങ്ങൾ നമ്മുടെയൊക്കെ തലയിൽ വന്നുകേറും? പള്ളി വേണ്ടെന്നു പറഞ്ഞത് അവൻമാർ കേട്ടില്ല അല്ലേ!

> **"അടിയുറച്ച വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട് ബാപ്പയോടും ഉമ്മയോടും അനുവാദം ചോദിച്ചു. പള്ളിയിൽ കയറി; നുറുങ്ങുന്ന ഹൃദയത്തോടും ഒഴുകുന്ന ചൂടുകണ്ണീരോടും രണ്ടുറക്അത്ത് നമസ്കരിച്ചു, പ്രാർഥിച്ചു: "അല്ലാഹുവേ, ബലഹീനരും ദരിദ്രരും നിരാശ്രയരുമായ ഞങ്ങൾ ചെയ്യാൻ പോകുന്നതിന്റെ പിന്നിൽ വരാൻ പോകുന്നത് എന്തൊക്കെയെന്ന് ഞങ്ങൾക്കറിയില്ല. നിനക്കു മാത്രമെ എല്ലാം അറിയുകയുള്ളൂ. ഹൃദയത്തിന്റെ മിടിപ്പുപോലും നിയന്ത്രിക്കുന്നവനും എത്രയെന്നു കൃത്യമായി അറിവുള്ളവനും ഏകനായ നീ മാത്രമാണ്. നാഥാ, ഏകസത്യത്തിന്റെ മാറ്റൊലി, കൊടുംവനത്തിനുള്ളിൽ അടിയൻ വിളിച്ചോതുകയാണ്. കലാപങ്ങളും രക്തച്ചൊരിച്ചിലുമില്ലാതെ ലോകാവസാനംവരെ ബാങ്കുവിളി ഇവിടെ നിലനിർത്തേണമേ..." മനസ്സിലും ശരീരത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന സകല വിഭ്രാന്തികളെയും നിയന്ത്രിച്ചുകൊണ്ട് ബാങ്കുവിളിച്ചു..."**

കമ്മിറ്റിക്കാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തപ്പോൾ ഉസ്താദ് പറഞ്ഞു: 'ഇതിന്റെ പേരിൽ നിങ്ങളാരും ഭിന്നതയുണ്ടാക്കേണ്ട. ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്നത് എനിക്കും അറിയില്ല. അല്ലാഹുവിന്റെ ഭവനം എവിടെ എപ്പോൾ ഉയരണം എന്നൊക്കെ തീരുമാനിക്കുന്നത് അല്ലാഹുവാണ്. നമ്മുടെ ഉപദേശങ്ങൾ തള്ളിക്കളഞ്ഞ് ഒരു ചെറിയ സംഘം ഇത്ര ധൃതിയിൽ പള്ളി നിർമിച്ച് ബാങ്കും നമസ്കാരവും തുടങ്ങിയെങ്കിൽ അതിന്റെ പിന്നിൽ എന്തോ ദൃഷ്ടാന്തമുണ്ട്. വരുന്നതെന്തും അവർ തന്നെ നേരിട്ടുകൊള്ളും. നിങ്ങളാരും അതിൽ ഇടപെടേണ്ട."

മൂന്നു നേരത്തെ ബാങ്കുവിളി കഴിഞ്ഞു. രാത്രിയിൽ എന്തെങ്കിലും സംഭവിക്കാൻ സാധ്യതയുണ്ടെന്ന നിഗമനത്തിൽ ഞങ്ങളെല്ലാം ഉറക്കമിളച്ച് പള്ളിയിൽ കഴിഞ്ഞു.

ആദിവാസി കോളനിയിൽ മുസ്‌ലിം പള്ളിയും ബാങ്കുവിളിയും! വാർത്ത നാടെങ്ങും പ്രചരിക്കുകയായി. കൊച്ചു മലവേലനും (അമ്മാവൻ) ചില ബന്ധുക്കളും ഉറഞ്ഞുതുള്ളി.



നാനാഭാഗത്തുനിന്നും തീവ്രഹൈന്ദവ പ്രവർത്തകർ കോളിനിയിലേക്ക് ഒഴുകാൻ തുടങ്ങി. ചർച്ചകൾ നടത്തി. പരാജയപ്പെട്ടപ്പോൾ വധഭീഷണിയായി.

നേതാക്കളോടും പ്രവർത്തകരോടും ഞാൻ പറഞ്ഞു നോക്കി: "ഞങ്ങൾ ആർക്കും ഒരു ഉപദ്രവവും ചെയ്തിട്ടില്ല, ചെയ്യുകയുമില്ല. ഞങ്ങളെ വെറുതെ വിട്ടേക്കൂ."

സുലൈമാൻ കർക്കശ രൂപത്തിൽതന്നെ പറഞ്ഞു: 'ഒരു പ്രാവശ്യം ഞങ്ങൾക്ക് മർദനമേറ്റു. ഇനി അടിച്ചാൽ തിരിച്ചടിക്കും.' അവനെയും കാര്യങ്ങൾ പറഞ്ഞു പിന്തിരിപ്പിച്ചു.

എപ്പോൾ വേണമെങ്കിലും ഒരു കടന്നാക്രമണം ഉണ്ടാകും എന്ന ഉറപ്പിൽ കഴിയുന്ന സമയം. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന ഇളയ മകൻ (യൂസഫ്) സ്കൂൾ വിടുന്ന സമയത്തിനുമുമ്പ് ഓടിക്കിതച്ചു വീട്ടിലെത്തി. മകന്റെ കിതപ്പും പേടിയും കണ്ട് ഞാൻ കാരണം തിരക്കി.

"ഇന്നു രാത്രി ബാപ്പച്ചിയെ കൊല്ലും" ഭയത്തോടെ അവൻ പറഞ്ഞു.

"നിന്നോടിത് ആരാ പറഞ്ഞത്?"

"എന്റെ കൂട്ടുകാരൻ."

"അവൻ നിന്നോട് എന്തൊക്കെയാ പറഞ്ഞത്?"

"ഇന്നലെ രാത്രി അവരുടെ വീട്ടിൽ മൂന്നുപേർ വന്നുവത്രെ. വന്നവരും അച്ഛനും കൂടി പറയുന്നത് അവൻ കേട്ടു; ഇന്ന് ബാപ്പച്ചിയെ കൊല്ലുമെന്ന്. നമ്മുടെ പള്ളി പൊളിച്ചുകളയുമെന്നും അവൻ പറഞ്ഞു. ഇതു പറയാൻ വേണ്ടി ഞാൻ സ്കൂൾ വിടും മുമ്പ് കളിക്കാൻ വിട്ടപ്പോൾ ആരും കാണാതെ പുസ്തകമെടുത്ത് ഒറ്റക്ക് ഓടിപ്പോന്നതാ. നമുക്ക് എങ്ങോട്ടെങ്കിലും ഇപ്പോൾത്തന്നെ പോകാം ബാപ്പച്ചീ. എനിക്കു പേടിയാ..."

"മോൻ പേടിക്കുകയൊന്നും വേണ്ടാ. ഒന്നും സംഭവിക്കില്ല. അല്ലാഹു നമ്മളെ രക്ഷിക്കും" ഞാൻ അവനെ ആശ്വസിപ്പിച്ചു.

സന്ധ്യ കഴിഞ്ഞപ്പോൾ ഇളയ സഹോദരിയുടെ ഭർത്താവ് വളരെ രഹസ്യമായി എന്നെ വന്നു വിളിച്ചു. എന്നോട് അവന് കടുത്ത വൈരാഗ്യവും, പിണക്കവും ഉണ്ടെങ്കിലും അതൊന്നും പുറത്തു കാണിച്ചില്ല.

"ഞാൻ ഒരു വിവരം പറയാനാ വിളിച്ചത്. എന്തു പിണക്കമുണ്ടെങ്കിലും നിങ്ങളുടെ സഹോദരി എന്റെ ഭാര്യയായതുകൊണ്ടു മാത്രമാണ് ഞാൻ വന്നത്. ഞാൻ പറയുന്ന വിവരം പുറത്തു പറയരുത്. അറിഞ്ഞാൽ എന്റെ തലപോകുന്ന കേസാ..."

"ഇല്ല, സത്യമായിട്ടും ഞാൻ ആരോടും പറയില്ല. എന്താണ് പ്രശ്നം?"

“ഇന്ന് ഇവിടെ കിടക്കരുത്. അധികം രാത്രിയാകുന്നതിനുമുമ്പ് സുരക്ഷിതമായ എങ്ങോട്ടെങ്കിലും പോകണം. കുറെ കാലത്തേക്ക് നിങ്ങൾ ഇവിടുന്നു പോകുന്നതാ കൂടുതൽ നല്ലത്. പിള്ളേർക്ക് അച്ഛനുണ്ടാകണമെങ്കിൽ...”

“എന്താണ് കാരണം?”

“അതു ഞാൻ പറയാതെ അറിയത്തില്ലേ? പ്രശ്നം നിങ്ങൾ പിടിക്കുന്നിടത്തു നിക്കില്ല കേട്ടോ. ഞാൻ പോകുവാ...”

രഹസ്യവാർത്തയറിഞ്ഞ മാതാപിതാക്കളും ഭാര്യയും കുട്ടികളും ഭയന്നുവിറച്ചു. ആരും ഭക്ഷണം പോലും കഴിക്കുന്നില്ല. എല്ലാവരോടുമായി ഒരു മുന്നറിയിപ്പും ആശ്വാസവാക്കും എന്നോണം ഞാൻ പറഞ്ഞു: “ഇന്ന് ഒരു ചുക്കും സംഭവിക്കില്ല. അല്ലാഹു അറിയാതെ ഒരു ഉറുമ്പുപോലും ജനിക്കില്ല; മരിക്കില്ല. അഥവാ വല്ലതും സംഭവിച്ചാൽ അത് അല്ലാഹുവിന്റെ അറിവോടും സമ്മതത്തോടും കൂടിയാണെന്നു വിശ്വസിച്ചു സമാധാനിക്കണം. സമയം പത്തുമണിയായി. നിങ്ങൾ ധൈര്യമായി കിടന്ന് ഉറങ്ങിക്കൊള്ളുക.”

ജീവനും ജീവിതവും ഉടമസ്ഥനിൽ ഭരമേൽപിച്ചുകൊണ്ട് ഞാനും കിടന്നുറങ്ങി. സമയം രാത്രി ഒരു മണിയായിട്ടുണ്ടാകും. ആരോ കതകിൽ ശക്തിയായി മുട്ടുന്നു.

ഞാൻ എഴുന്നേറ്റു വാതിൽക്കൽ ചെന്നു: “ആരാ.. ആരാ...?”

“തുറക്കെടോ വാതിൽ. ഞങ്ങൾ പോലീസുകാരാണ്.”

ചതിയാണോ എന്നറിയില്ല. രണ്ടും കൽപിച്ച് ഞാൻ വാതിൽ തുറന്നു. ബാഗും തോളിലിട്ടുകൊണ്ട് രണ്ടു പോലീസുകാർ.

“എന്താണു സാർ പാതിരാത്രിയിൽ?”

“നിനക്കൊക്കെ എന്തു തോന്ന്യാസവും കാണിക്കാം. ഞങ്ങളാ കഷ്ടപ്പെടുന്നത്. എത്ര ദൂരം നടന്നാ വന്നതെന്നറിയുമോ?”

ഞാൻ ഒന്നും മിണ്ടിയില്ല. കുടിക്കാൻ എന്തെങ്കിലും വേണം എന്നായി. ഞാൻ പച്ചവെള്ളം എടുത്തുകൊടുത്തു. അവർ പെട്ടെന്നു വെളിയിലിറങ്ങി. വീടിനു ചുറ്റും ടോർച്ചടിച്ചു കറങ്ങിനടന്നു. തിരിച്ചുവന്നു ചോദിച്ചു:

“എവിടെയാ നിങ്ങൾ പള്ളി വച്ചിരിക്കുന്നത്?”

കാണിച്ചുകൊടുക്കാൻ ഞാൻ ഇറങ്ങിയപ്പോൾ ‘വേണ്ട, താൻ വരേണ്ട. സ്ഥലം പറഞ്ഞാൽ മതി’ എന്നായി. സ്ഥലം ചൂണ്ടിക്കാണിച്ചു കൊടുത്തു. അധികദൂരമില്ല; വീടിനടുത്താണ്.

എന്നോട് അകത്തുകയറി വാതിൽ അടക്കാൻ പറഞ്ഞു. ‘ഞങ്ങളല്ലാതെ ആരു വിളിച്ചാലും വാതിൽ തുറക്കരുത്’ എന്ന് കർശനമായി പറഞ്ഞ് അവർ പള്ളി ലക്ഷ്യമാക്കി നടന്നു.

പള്ളിക്കു സമീപത്ത് ആരോടോ ദേഷ്യപ്പെടുന്നതും വാഗ്വാദം നടക്കുന്നതുമായി ബോധ്യപ്പെട്ടു. പക്ഷേ, മുറിക്കുള്ളിലായതിനാൽ ഒന്നും വ്യക്തമല്ല. ഈ സമയം വീട്ടിൽ എല്ലാവരും ഉണർന്നു. എന്തോ അനിഷ്ടസംഭവം നടക്കുന്നതായ പ്രതീതി.

കുറച്ചുസമയം കഴിഞ്ഞപ്പോൾ പോലീസുകാർ തിരിച്ചുവന്നു.

“എന്താണു സാർ? എനിക്കൊന്നും മനസ്സിലായില്ല.”

“മനസ്സിലാക്കിത്തരാം. നിങ്ങൾ വച്ചിരിക്കുന്ന പള്ളിയും അതിനുള്ളിലെ മൈക്കും എല്ലാം രാവിലെ തന്നെ പൊളിച്ചു മാറ്റിക്കോണം.”

“എന്തിനാണു സാർ? വ്യക്തമായി പറയൂ.”

“എടോ, ഞങ്ങൾ കൃത്യസമയത്തു വന്നില്ലായിരുന്നെങ്കിൽ താനും തന്റെ കുടുംബത്തിലെ ഒരെണ്ണംപോലും ജീവനോടെ കാണില്ലായിരുന്നു. ഏതാനും മിനുട്ടുകൾക്കുള്ളിലാ നീയൊക്കെ രക്ഷപ്പെട്ടത്. താൻ ആരുടെ പ്രേരണ പ്രകാരമാ ഇസ്‌ലാം മതം സ്വീകരിച്ചത്? എന്തിനാ ഈ കാടിനുള്ളിൽ മുസ്‌ലിം പള്ളിവച്ച് മൈക്കിൽകൂടി ബാങ്കുവിളിച്ച് കുഴപ്പങ്ങൾ ഉണ്ടാക്കുന്നത്? എല്ലാത്തിനെയും അകത്താക്കുന്നുണ്ട്. നേരം പുലരട്ടെ.”

“ഹോ...ഇസ്‌ലാമാണോ സാറേ ഇതിനെല്ലാം കാരണം?”

“അതെ! ഇറങ്ങിക്കോളും കുറെ തീവ്രവാദികൾ. പാവപ്പെട്ടവന് നക്കാപ്പിച്ച കൊടുത്ത് മതംമാറ്റി രാജ്യത്തു കുഴപ്പമുണ്ടാക്കാൻ.”

“സാർ, നിജസ്ഥിതിയറിയാതെ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കരുത്. ഞാൻ ഇപ്പോൾ എന്തു ചെയ്യണം? അത് പറയൂ സാർ.”

“ഒന്നും ചെയ്യേണ്ട ആവശ്യം വേണ്ടിവരില്ല.”

ഈ സമയത്ത് അവർക്ക് കട്ടൻകാപ്പി കൊടുത്തു.

"സാർ, സമയം മൂന്നു മണിയായി. ഉറക്കം വരുന്നു. കിടന്നാൽ കൊള്ളാമായിരുന്നു. ഇവിടെ മാതാപിതാക്കളും കുട്ടികളുമെല്ലാം ഉണ്ട്. നിങ്ങൾക്കു കൂടി കിടന്നുറങ്ങാനുള്ള സൗകര്യം ഇല്ല. മടങ്ങിപ്പോകുകയോ, മറ്റെന്തെങ്കിലും സൗകര്യം നിങ്ങൾ കണ്ടെത്തുകയോ ചെയ്യണം."

പോലീസുകാർ കയർത്തു: "എടോ തന്നെ തീർക്കാനുള്ള പദ്ധതിയാ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ഞങ്ങൾ തനിക്ക് സംരക്ഷണത്തിനായി സി.ഐയുടെ അടിയന്തിര നിർദേശപ്രകാരം വന്നതാണ്."

"സർ, എനിക്ക് പേടിയൊന്നുമില്ല. നിങ്ങളുടെ സംരക്ഷണം ആഗ്രഹിക്കുന്നില്ല."

"എടോ, ഇന്ന് തനിക്കെന്തെങ്കിലും സംഭവിച്ചാൽ ഞങ്ങളാണ് സമാധാനം പറയേണ്ടത്."

"സാർ, മരണം എന്നത് ഒരു യാഥാർഥ്യമാണ്. അത് എങ്ങനെ, എപ്പോൾ, എവിടെവച്ച് നടക്കണം എന്ന് തീരുമാനിക്കുന്നത് ജീവന്റെ ഉടമസ്ഥനായ ദൈവമാണ്. സംഭവിക്കേണ്ടതു മാത്രമെ സംഭവിക്കുകയുള്ളൂ. വിധികർത്താവായ അല്ലാഹു എന്തു കൽപിക്കുന്നുവോ അത് നടക്കും. ഈ രാത്രിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഭീകരാന്തരീക്ഷം ചിന്തിച്ച് കിടക്കയിൽവച്ച് എനിക്ക് അറ്റാക്ക് ഉണ്ടായി മരിച്ചാൽ നിങ്ങളെന്തു സമാധാനം പറയും? ഇത് വനപ്രദേശമാണ്. ധാരാളം വിഷപ്പാമ്പുകളുണ്ട്. ഈ രാത്രി ഒരു പാമ്പിന്റെ കടിയേറ്റു ഞാൻ മരിച്ചാൽ നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും? ന്യായമല്ലാത്ത ഭയപ്പെടുത്തലും കൂട്ടത്തോടെ കൊല്ലുമെന്നുമുള്ള ഭീഷണിയും മുന്നറിയിപ്പുമൊന്നും സ്വീകരിക്കാനും അനുസരിക്കാനും ഞാൻ തയ്യാറല്ല. പിന്നെ പള്ളി, അത് എന്റെ അവകാശത്തിൽപെട്ട ഭൂമിയിലാണ് ഇരിക്കുന്നത്. ആർക്കും ഒരു ഉപദ്രവവും ഇല്ല. ഞങ്ങൾ കുറെപേർ പട്ടിണികിടന്ന്, കഷ്ടപ്പെട്ട് കെട്ടിയുണ്ടാക്കിയതാണ്. അത് പൊളിച്ചുമാറ്റുക സാധ്യമല്ല."

പോലീസുകാർ എഴുന്നേറ്റ് മാറിനിന്നു പിറുപിറുത്തു: "അവന്റെ അഹങ്കാരം കണ്ടോ! അവൻ ആദിവാസിയൊന്നുമല്ല. അഹങ്കാരിയും തീവ്രവാദിയുമാണ്."

വീണ്ടും പോലീസുകാർ പുറത്തിറങ്ങി. പള്ളിയും വീടും പരിസരവുമെല്ലാം നിരീക്ഷിച്ചു. പിന്നെ മടങ്ങിവന്ന് സംസാരം ആരംഭിച്ചു.

"സോമാ, നമ്മളെല്ലാം ഹിന്ദുക്കളാണ്. ഇന്ത്യ ഹിന്ദുരാഷ്ട്രമാണ്. രാജ്യത്തിന്റെ ശത്രുക്കളായ മുസ്ലിംകളിലേക്ക് ഒറ്റ ഹിന്ദുവിനെയും അടർത്തി കൊണ്ടുപോകാൻ അനുവദിക്കില്ല. നിങ്ങൾ പ്രതീക്ഷിക്കുന്നതിനപ്പുറം പ്രശ്നങ്ങൾ വഷളാകും. ഉണ്ടായ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കപ്പെടണം. വേണ്ടപ്പെട്ടവരോട് സംസാരിച്ചു പോയവരെല്ലാം സ്വന്തം മതത്തിലേക്ക് മടങ്ങിവരണം. നിങ്ങൾ സഹകരിക്കണം."

"സാർ ഏത് ജാതിയിൽപെടും?'

"ഈഴവ സമുദായം."

"സാറോ?"

"ഞാൻ ക്രിസ്ത്യാനിയാണ്."

"ക്ഷത്രിയർ, ബ്രാഹ്മണർ, നമ്പൂതിരി, നായർ, പട്ടർ തുടങ്ങിയ ജാതിക്കാരെ സാർ അറിയുമോ?"

"അറിയാം."

"അവരെല്ലാം ഹിന്ദുക്കളല്ലേ? അവരാരുമായെങ്കിലും സാറിനു സ്നേഹബന്ധമുണ്ടോ? ഹിന്ദുവായ സാറിനെ ഒരു സമസൃഷ്ടിയായി അവരാരെങ്കിലും അംഗീകരിക്കുമോ? ഒരു വിവാഹബന്ധം അറിഞ്ഞുകൊണ്ട് നടത്തിത്തരുമോ? അവരുടെ വിവാഹത്തിനോ മറ്റ് ആഘോഷങ്ങൾക്കോ സാറിനെ ക്ഷണിക്കുമോ? രോഗശയ്യയിൽ സാറിനെ വന്ന് കാണുമോ?



സാറിന്റെ വീട്ടിൽനിന്നും തൃപ്തിയോടെ ഒരു ഗ്ലാസ്സ് വെള്ളം കുടിക്കുമോ?"

ഇതിന് ഉത്തരമില്ലായിരുന്നു! ഞാൻ തുടർന്നു:

"ഉൾക്കാടർ വിഭാഗത്തിൽപെട്ട, മലദേവന്മാരുടെ പട്ടികയിലുള്ള, സ്ഥാനമാനങ്ങളുള്ള പുരാതന ഹിന്ദു കുടുംബാംഗങ്ങളാണ് ഞങ്ങൾ. ഈഴവ സമുദായത്തിൽപെട്ട സാറിന്റെ മകനെയോ മകളെയോ എന്റെ മകനുമായോ മകളുമായോ വിവാഹം നടത്താൻ തയ്യാറാകുമോ?"

"അത്...ചിലത് നടക്കുന്നുണ്ടല്ലോ."

"നടക്കുന്നുണ്ട്; പ്രേമവും ഒളിച്ചോട്ടവും. അല്ലാതെ നേരായ ചടങ്ങിലൂടെ നടക്കില്ല സാറേ. സംസാരത്തിൽ നാമെല്ലാം ഹിന്ദുക്കൾ, ഹിന്ദുരാഷ്ട്രം. പ്രവൃത്തിയിൽ മതിലും അതിർവരമ്പുകളും വിലക്കുകളും കാണ്ടലും തൊടീലും അയിത്തവും. ജാതിപ്പേരും പേറി, താണജാതിയിൽപെട്ട ഹിന്ദുക്കൾ അനുഭവിക്കുന്ന പീഡനങ്ങളും വേദനയും സാറിനറിയുമോ? ഉള്ളാടർ, ഊരാളി, കാണി, പറയൻ, പുലയൻ, വേട്ടേൻ, കുറുമൻ, ചെറുമൻ, മറവൻ, മന്നാൻ തുടങ്ങി 78 വിഭാഗത്തിൽപെട്ട ആദിവാസി വിഭാഗങ്ങളുണ്ട് ഇന്ത്യയിൽ. ജാതിസംവരണത്തിന്റെ പേരിൽ കുറെ നക്കാപ്പിച്ച ആനുകൂല്യങ്ങളും എറിഞ്ഞുകൊടുത്ത് ഒരിക്കലും ഒരു മനുഷ്യൻ എന്ന പരിഗണന ലഭിക്കാതെ മർദനവും പീഡനങ്ങളും വേദനകളുമായി മരിച്ചു ജീവിക്കുന്ന കുറെ മനുഷ്യരുണ്ടിവിടെ. ഉയർന്നജാതിക്കാരന്റെ കിണറ്റിൽനിന്നും കുടിവെള്ളം എടുത്തതിന് തീണ്ടിയെന്നാരോപിച്ച് ഒരു ഗ്രാമം മുഴുവൻ ചുട്ടെരിച്ചതും, സ്‌കൂൾവിട്ട് വീട്ടിലേക്ക് പോകുംവഴി മഴ പെയ്തപ്പോൾ ഉയർന്ന ജാതിക്കാരന്റെ കടയുടെ വരാന്തയിൽ കയറി നിന്നതിന് പന്ത്രണ്ട് വയസ്സുള്ള പെൺകുട്ടിയെ തീണ്ടിയെന്നാരോപിച്ച് തല്ലിക്കൊന്നുകളഞ്ഞതുമായ സംസ്‌കാരം പേറുന്നവരുടെ സാഹോദര്യത്തെപ്പറ്റി കൂടുതൽ പറയേണ്ടതില്ല. ഇത്തരം ഭീകരവാർത്തകളും സംഭവങ്ങളും ഹൃദയമുള്ള മനുഷ്യന്റെ ഉള്ളിലെ ഉണങ്ങാത്ത മുറിവുകളാണ്. ദൂരേക്കൊന്നും പോകേണ്ട; രണ്ടു കിലോമീറ്റർ അപ്പുറമുള്ള സ്‌കൂളിലേക്ക് ഈ ആദിവാസി കോളനിയിൽനിന്നും ചെല്ലുന്ന പെൺകുട്ടികളെ മറ്റുള്ള ജാതിക്കാരുടെ കുട്ടികളുമായി ഇടകലർന്നിരിക്കാൻ അനുവദിക്കാതെ വേറെ ബഞ്ചിലാണ് ഇരുത്തുന്നത്. താണജാതിയിൽപെട്ട ഹിന്ദുക്കൾക്ക് ക്ഷേത്രത്തിൽ പ്രവേശിച്ചു പ്രാർഥിക്കാൻ അവസരം ലഭിച്ചിട്ട് എത്ര കാലമായി? ഭരണഘടനാ ശിൽപി ഡോ. അംബേദ്കർ നേടിയെടുത്ത ഉന്നത പദവികൾക്ക് കണക്കില്ല. താണജാതിയിൽ ജനിച്ചുപോയി എന്ന കാരണത്താൽ അദ്ദേഹത്തിനു പോലും എത്രയോ പ്രയാസങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഒടുവിൽ അദ്ദേഹം ആയിരം പേരുമായി ബുദ്ധമതം സ്വീകരിച്ച സംഭവം അറിയാമല്ലോ. ഹിന്ദു മതത്തിന്റെ ഉൾക്കാമ്പ് കുറെയൊക്കെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ആയതിനാൽ ഹിന്ദു ഐക്യത്തേയും സാഹോദര്യത്തെയും കുറിച്ച് പറയേണ്ടതില്ല. മറ്റു വല്ലതും സംസാരിക്കാം. ആർക്കും വേണ്ടാത്ത ആദിവാസിയായ ഞാൻ മതം മാറിയതിന് എന്തിനാണ് എന്നെ കൊല്ലാൻ ചിലർ ഒരുങ്ങുന്നത്? കൊലപാതകമോ രാജ്യദ്രോഹ കുറ്റമോ ഞാൻ ചെയ്തിട്ടുണ്ടോ? സാറും ഹിന്ദുവാണ്; പക്ഷേ, പുറമ്പോക്കിലാണ് എന്നുള്ളത് തിരിച്ചറിഞ്ഞാൽ കൊള്ളാം."

> **ഉള്ളാടർ, ഊരാളി, കാണി, പറയൻ, പുലയൻ, വേട്ടേൻ, കുറുമൻ, ചെറുമൻ, മറവൻ, മന്നാൻ തുടങ്ങി 78 വിഭാഗത്തിൽപെട്ട ആദിവാസി വിഭാഗങ്ങളുണ്ട് ഇന്ത്യയിൽ. ജാതിസംവരണത്തിന്റെ പേരിൽ കുറെ നക്കാപ്പിച്ച ആനുകൂല്യങ്ങളും എറിഞ്ഞുകൊടുത്ത് ഒരിക്കലും ഒരു മനുഷ്യൻ എന്ന പരിഗണന ലഭിക്കാതെ മർദനവും പീഡനങ്ങളും വേദനകളുമായി മരിച്ചു ജീവിക്കുന്ന കുറെ മനുഷ്യരുണ്ടിവിടെ. ഉയർന്നജാതിക്കാരന്റെ കിണറ്റിൽനിന്നും കുടിവെള്ളം എടുത്തതിന് തീണ്ടിയെന്നാരോപിച്ച് ഒരു ഗ്രാമം മുഴുവൻ ചുട്ടെരിച്ചതും, സ്‌കൂൾവിട്ട് വീട്ടിലേക്ക് പോകുംവഴി മഴ പെയ്തപ്പോൾ ഉയർന്ന ജാതിക്കാരന്റെ കടയുടെ വരാന്തയിൽ കയറി നിന്നതിന് പന്ത്രണ്ട് വയസ്സുള്ള പെൺകുട്ടിയെ തീണ്ടിയെന്നാരോപിച്ച് തല്ലിക്കൊന്നുകളഞ്ഞതുമായ സംസ്‌കാരം പേറുന്നവരുടെ സാഹോദര്യത്തെപ്പറ്റി കൂടുതൽ പറയേണ്ടതില്ല. ഇത്തരം ഭീകരവാർത്തകളും സംഭവങ്ങളും ഹൃദയമുള്ള മനുഷ്യന്റെ ഉള്ളിലെ ഉണങ്ങാത്ത മുറിവുകളാണ്.**

എന്റെ ദീർഘമായ സംസാരം കേട്ടശേഷം ഒരു പോലീസുകാരൻ ചോദിച്ചതു കേട്ട് ഞാൻ ഞെട്ടിപ്പോയി!

**(അവസാനിച്ചില്ല)**

അബൂഅമീൻ
mail@nerpatham.com

ലേഖനം



# കൂടിയാലോചനയിലെ നന്മ

മനുഷ്യൻ പൊതുവിൽ നന്മയും വിജയവും ആഗ്രഹിക്കുന്നവനാണ്. ഏതൊരു സംരംഭവും പുതുതായി തുടങ്ങുമ്പോൾ അതിന്റെ മുന്നോടിയെന്നോണം തദ്‌വിഷയകമായി അറിവും പരിചയവുമുള്ളവരോട് കൂടിയാലോചന നടത്തുക എന്നത് മനുഷ്യസഹജമാണ്. ഒരു നല്ല സ്വഭാവമായിട്ടാണ് ഇസ്‌ലാം അതിനെ കാണുന്നത്. ഒരുപാട് നന്മകൾ അതിലുണ്ട്. ഏറ്റവും നല്ലതിലേക്കുള്ള വഴി അത് സുഗമമാക്കും. വ്യത്യസ്ത കഴിവുകളും പരിജ്ഞാനങ്ങളുമുള്ളവരോട് ഒരുമിച്ചുള്ള ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും മാത്രം നേടിയെടുക്കാൻ സാധിക്കുന്ന പല നന്മകളും അവയുടെ അഭാവത്തിൽ നഷ്ടമാകുന്നു. കൂടിയാലോചനക്ക് ശേഷമെടുക്കുന്ന തീരുമാനം പിന്നീട് പരാജയപ്പെട്ടാൽതന്നെയും മറ്റുള്ളവരുടെ ആക്ഷേപങ്ങളും വിമർശനങ്ങളും അതിലൂടെ ഒഴിവാക്കാൻ സാധിക്കും. കൂടിയാലോചനയില്ലാതെ ചെയ്ത

കാര്യങ്ങളാണെങ്കിൽ മറ്റുള്ളവരിൽ സഹകരണ മനഃസ്ഥിതിയല്ല അതുണ്ടാക്കുക. അങ്ങനെ വിജകരമായി കലാശിച്ചാൽ തന്നെ അനേകം വിമർശനങ്ങളും ആക്ഷേപങ്ങളും ഉണ്ടാകുകയും ചെയ്യും.

എന്നാൽ ചിലർ സ്വേഛാധിപതികളായി, ആരോടും ഒരു നന്മയിലും കൂടിയാലോചനയില്ലാതെ വീട്ടിലും ജോലിസ്ഥലത്തും പൊതുപ്രവർത്തനമേഖലകളിലുമൊക്കെ വർത്തിക്കുന്നതായി കാണാം. തന്റെ അഭിപ്രായങ്ങളും തീരുമാനങ്ങളും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്ന ഇത്തരം സ്വേഛാധിപത്യ പ്രവണത നന്മയുടെ വക്താക്കളുടെ സ്വഭാവമല്ലെന്ന് അത്തരക്കാർ തിരിച്ചറിയേണ്ടതുണ്ട്. ഇല്ലെങ്കിൽ ആളുകൾ അവരെ വെറുക്കുകയും അവരിൽനിന്ന് അകലാൻ ശ്രമിക്കുകയുമായിരിക്കും അതിന്റെ അനന്തരഫലം.

ഒരു വിശ്വാസിക്ക് മറ്റുള്ളവരെ അംഗീകരിക്കാൻ കഴിയണം. മറ്റുള്ളവരെ അംഗീകരിക്കുന്നതിലുള്ള പ്രയാസവും അഹന്തയുമാണ് കൂടിയാലോചന നടത്തുന്നവർക്ക് പലപ്പോഴും തടസ്സമായി നിൽക്കുന്നത്. അഹന്തയുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് ഉണർത്തിയ നബിﷺ അഹന്തയെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്: "അഹങ്കാരമെന്നത് സത്യത്തെ അവമതിക്കലും മറ്റുള്ളവരെ ചെറുതാക്കലുമാണ്"(മുസ്‌ലിം).

തന്റെ അഭിമാനംപോലെ മഹത്തരമാണ് തന്റെ സഹോദരന്റെയും അഭിമാനമെന്ന് കരുതേണ്ടവനാണ് സത്യവിശ്വാസി. പക്ഷേ, അഹന്ത മനുഷ്യരെ അന്ധനാക്കുമ്പോൾ അതിനു കഴിയാതെ ഇരുലോകത്തും അപകടത്തിലകപ്പെടുന്ന സ്ഥിതിയാകും ഉണ്ടാവുക. ഏതു കാര്യത്തിലും നന്മയും സഹവർത്തിത്വവും ആഗ്രഹിക്കുന്നവർ കൂടിയാലോചനയെന്ന സൽസ്വഭാവം വളർത്തിയെടുക്കാൻ ശ്രമിക്കണം. സത്യവിശ്വാസികളുടെ സ്വഭാവമായി അല്ലാഹു പറയുന്നത് കാണുക:

"തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കും" (42:38).

കുടുംബരംഗം മുതൽ സാമൂഹികരംഗം അടക്കമുള്ള ഏതു മേഖലയിലും കൂടിയാലോചന അഭികാമ്യമാണെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. ഭാര്യയോടും മക്കളോടും കുടുംബകാര്യങ്ങൾ കൂടിയാലോചിക്കുന്നതും പൊതുരംഗത്ത് പ്രവർത്തിക്കുന്നവർ സഹപ്രവർത്തകരോട് കൂടിയാലോചന നടത്തുന്നതുമൊക്കെ ഇസ്‌ലാം പഠിപ്പിക്കുന്ന നന്മയുടെ ഭാഗമാണ്. അത് ശ്രദ്ധിക്കുന്ന സമൂഹത്തിൽ അഭ്യന്തര പ്രശ്നങ്ങൾ കുറവായിരിക്കും. ഐക്യവും സാഹോദര്യവും ശക്തിപ്പെടും.

അലി رضي الله عنه പറയുന്നു: "കൂടിയാലോചനയാണ് ശരിയായ മാർഗദർശനം. സ്വന്തം അഭിപ്രായത്തിൽ ധന്യത കണ്ടെത്തുന്നവർ ജീവൻ അപകടപ്പെടുത്തിയിരിക്കുകയാണ്. പ്രവർത്തനത്തിന് മുമ്പ് കാര്യങ്ങൾ ആലോചിച്ച് ക്രമപ്പെടുത്തിയാൽ ഖേദത്തിൽനിന്ന് നിനക്കത് ആശ്വാസം നൽകും" (സാദുസ്സൈർ -ഇബ്നുൽ ജൗസി).


അല്ലാഹുവിൽനിന്ന് ദിവ്യബോധനം (വഹ്‌യ്) ലഭിച്ചുകൊണ്ടിരുന്ന പാപസുരക്ഷിതനായ പ്രവാചകനോടു പോലും വിശ്വാസികളുമായി കാര്യങ്ങൾ കൂടിയാലോചന നടത്താൻ അല്ലാഹു നിർദേശിക്കുന്നതിൽനിന്നുതന്നെ ഏതൊരാൾക്കും അതിന്റെ മഹത്ത്വവും പ്രാധാന്യവും ഗ്രഹിക്കാവുന്നതേയുള്ളൂ. അല്ലാഹു പറയുന്നു:

"(നബിയേ) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (ക്വുർആൻ 3:159).

നബിﷺ അതനുസരിച്ച് സ്വഹാബത്തിനോട് കൂടിയാലോചന നടത്തിയ പല സംഭവങ്ങളും ചരിത്രത്തിൽ കാണാം. ആ മഹത്തായ മാതൃക പിൻപറ്റിക്കൊണ്ടാണ് ഒന്നാം ഖലീഫ അബൂബക്ർ رضي الله عنه പ്രവർത്തിച്ചത്. ആ നന്മ ഉൾക്കൊണ്ട് പ്രവർത്തിച്ചവരായിരുന്നു സ്വഹാബികളും അവരെ പിന്തുടർന്നവരും. ഒരു നേതാവിന്റെ ഏറ്റവും ഗുണപരമായ മേന്മ കൂടിയാണിത്. അങ്ങനെ നന്മയിൽ സഹകരിക്കാനും ഏറ്റവും നല്ലതിലേക്ക് കൂടിയാലോചനകളിലൂടെ എത്തിച്ചേരാനും സർവശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ!

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും

മുഹമ്മദ് നബിﷺ 16

പ്രവാചകന്മാരായി നിയോഗിക്കപ്പെടുന്നവർ അല്ലാഹു നിയോഗിച്ച പ്രവാചകന്മാർ തന്നെയാണ് എന്ന് മറ്റുള്ളവർക്ക് ബോധ്യമാകാൻ വേണ്ടി അവരിലൂടെ അല്ലാഹു പ്രകടമാക്കുന്ന, സാധാരണഗതിയിൽ മനുഷ്യർക്ക് പ്രകടമാക്കാൻ കഴിയാത്ത ദൃഷ്ടാന്തങ്ങളാണ് മുഅ്ജിസത്തുകൾ. വ്യത്യസ്തങ്ങളായ മുഅ്ജിസത്തുകളാണ് ഓരോ പ്രവാചകനിലൂടെയും അല്ലാഹു പ്രകടമാക്കിയിട്ടുള്ളത്. മുഹമ്മദ് നബിﷺയിലൂടെയും അല്ലാഹു പലവിധത്തിലുള്ള അമാനുഷിക സംഭവങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. അവയിൽപെട്ട ചില കാര്യങ്ങളാണ് ഇനി നാം മനസ്സിലാക്കാൻ പോകുന്നത്.

മുഅ്ജിസത്തുകളെ കുറിച്ച് പഠിക്കുമ്പോൾ നമുക്ക് മുഹമ്മദ് നബിﷺയോടുള്ള സ്നേഹവും ആദരവും വർധിക്കുകയും അവിടുന്ന് നമുക്ക് പഠിപ്പിച്ചു തന്നിട്ടുള്ള കാര്യങ്ങളിൽ ദൃഢമായ വിശ്വാസമുണ്ടാവുകയും ചെയ്യും.

## മറ്റു പ്രവാചകന്മാർക്ക് ഇമാമായി നമസ്കരിച്ച ഏക പ്രവാചകൻ

മുഹമ്മദ് നബിﷺക്ക് മുമ്പ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അനേകം നബിമാരെ അല്ലാഹു അയച്ചിട്ടുണ്ട്. അവർക്കാർക്കും ലഭിക്കാത്ത ഒരു പ്രത്യേകതയാണ് ഇത്. അഥവാ, എല്ലാ നബിമാരും ചേർന്നുള്ള ഒരു നമസ്കാരത്തിൽ മുഹമ്മദ് നബിﷺ ഇമാമായി നിന്ന സംഭവം.

നബിﷺയുടെ ജീവിതത്തിൽ ഉണ്ടായ അത്ഭുതകരമായ ഒരു യാത്രയായിരുന്നു ഇസ്റാഅ്-മിഅ്റാജ്. ധാരാളം മൈലുകൾ താണ്ടി പോകേണ്ടുന്നിടത്തേക്ക് വളരെ കുറഞ്ഞ സമയംകൊണ്ട് യാത്ര ചെയ്ത്, അഭൂതപൂർവവും അത്യത്ഭുതകരവുമായ കാര്യങ്ങൾ കണ്ട്, തന്റെ താമസ സ്ഥലത്തേക്കുതന്നെ തിരിച്ചെത്തിയ അത്ഭുത യാത്രയായിരുന്നു അത്. ഈ അത്ഭുതം മുഹമ്മദ് നബിﷺക്ക് മാത്രം ഉണ്ടായിട്ടുള്ള ഒന്നാണ്.

നബിﷺയെ ഉത്തരം മുട്ടിക്കാൻ ശത്രുക്കൾ ശ്രമിച്ചപ്പോഴെല്ലാം അല്ലാഹുവിന്റെ പ്രത്യേകമായ സഹായം ലഭിച്ചിട്ടുണ്ട്. ശത്രുക്കളാൽ അപമാനിക്കപ്പെടുന്നതിൽനിന്നും അല്ലാഹു റസൂലിﷺന് പ്രത്യേകമായ കാവൽ നൽകുകയും ചെയ്തിട്ടുണ്ട്. ഇസ്റാഅ്-മിഅ്റാജ് യാത്രക്ക് ശേഷം ഉണ്ടായ സംഭവത്തെ പറ്റി നബിﷺ തന്നെ പറയുന്നത് നമുക്ക് ഇപ്രകാരം കാണാം:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'തീർച്ചയായും ഞാൻ എന്നെ ഹിജ്റിൽ കാണുകയുണ്ടായി. ക്വുറയ്ശികൾ എന്റെ യാത്രയെ പറ്റി എന്നോട് ചോദിക്കുന്നുമുണ്ടായിരുന്നു. അങ്ങനെ (ക്വുറയ്ശികൾ) ബയ്ത്തുൽ മുക്വദ്ദസിനെ കുറിച്ചുള്ള ചില കാര്യങ്ങൾ എന്നോട് ചോദിച്ചു, ഞാൻ അതിനെ പറ്റി സ്ഥൈര്യം ഉള്ളവനായിരുന്നില്ല. അങ്ങനെ ഞാൻ ഏറെ വിഷമിക്കപ്പെട്ടു; അതുപോലെ തീരെ ഞാൻ വിഷമിക്കപ്പെട്ടിട്ടില്ലായിരുന്നു.' നബിﷺ പറഞ്ഞു: 'അപ്പോൾ അല്ലാഹു എനിക്ക് അതിനെ (ബയ്ത്തുൽ മുക്വദ്ദസിനെ) ഉയർത്തി. (അങ്ങനെ) ഞാൻ അതിലേക്ക് നോക്കി. അവർ എന്നോട് ഏതൊന്നിനെക്കുറിച്ച് ചോദിച്ചുവോ അതിനെക്കുറിച്ച് ഞാൻ അവർക്ക് പറഞ്ഞുകൊടുക്കാതിരുന്നില്ല. ഞാൻ എന്നെ നബിമാരുടെ സംഘത്തിൽ കാണുകയുണ്ടായി. അപ്പോഴതാ മൂസാ എഴുന്നേറ്റ് നമസ്കാരം നിർവഹിക്കുന്നു. അപ്പോൾ അദ്ദേഹം ശനൂഅക്കാരിലെ ഒരാളെ പോലെ ചുരുണ്ട മുടിയുള്ള ഒരാളായിരുന്നു. അപ്പോൾ ഈസാ(അ)യും എഴുന്നേറ്റ് നമസ്കരിക്കുന്നുണ്ടായിരുന്നു. ജനങ്ങളിൽ അദ്ദേഹത്തിന് ഏറ്റവും അടുത്ത സാദൃശ്യം ഉർവതുബ്നു മസ്ഊദ് അസ്സക്വഫിയോടാകുന്നു. അപ്പോൾ ഇബ്റാഹീം(അ)യും നിന്ന് നമസ്കരിക്കുന്നുണ്ടായിരുന്നു. ജനങ്ങളിൽ അദ്ദേഹത്തോട് സാദൃശ്യം നിങ്ങളുടെ കൂട്ടുകാരനാകുന്നു (നബിﷺയെ തന്നെയാണ് ഉദ്ദേശിച്ചത്). അങ്ങനെ നമസ്കാരത്തിന് സമയമായി. അപ്പോൾ ഞാൻ അവർക്ക് ഇമാമായി നിൽക്കുകയും ചെയ്തു. അങ്ങനെ ഞാൻ നമസ്കാരത്തിൽനിന്ന് വിരമിച്ചപ്പോൾ പറയുന്ന ഒരാൾ (ഇപ്രകാരം) പറഞ്ഞു: 'ഓ, മുഹമ്മദ്! ഇതാകുന്നു നരകത്തിന്റെ ആളായ (കാവൽക്കാരനായ) മാലിക് (എന്ന മലക്ക്). അതിനാൽ അദ്ദേഹത്തിന് താങ്കൾ സലാം പറയുക. അപ്പോൾ ഞാൻ അദ്ദേഹത്തിലേക്ക് തിരിഞ്ഞു. അപ്പോൾ അദ്ദേഹം എന്നോട് സലാം കൊണ്ട് തുടങ്ങി" (മുസ്ലിം).

ഇസ്റാഅ്-മിഅ്റാജ് യാത്രക്കുശേഷം നബിﷺ കഅ്ബയുടെ പരിസരത്ത് ഇരിക്കുകയായിരുന്നു. നബിﷺ ജനങ്ങൾക്ക് സംഭവം വിവരിച്ചുകൊടുക്കുന്നുമുണ്ടായിരുന്നു. യാത്രാവിവരണം കേട്ടപ്പോൾ ക്വുറയ്ശികൾ യാത്രയുമായി ബന്ധപ്പെട്ട് പല ചോദ്യങ്ങളും അവിടുത്തോട് ചോദിച്ചു. നബിﷺ ബയ്

> **"തൗഹീദുള്ളവർക്ക് സ്വന്തത്തോടും സമൂഹത്തോടും നിർവഹിക്കാനുള്ള ബാധ്യതകളെ സംബന്ധിച്ച് പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിച്ചവരിൽതന്നെ ശിർക്കും നിഷേധവും കാപട്യവും പെരുകിവരുന്ന ഈ കാലഘട്ടത്തിൽ അതിനെ വിസ്മരിക്കുക എന്നത് അപകടം നിറഞ്ഞതാണ്. പ്രവാചകന്മാർ ഒരേ ആദർശത്തിൽ നിലനിന്നുകൊണ്ട് തങ്ങളിൽ അർപ്പിതമായ ബാധ്യതകൾ നിർവഹിച്ചവരായിരുന്നു. ആ മാർഗത്തിൽ അവർ എതിർപ്പുകൾ നേരിട്ടുവെങ്കിൽ പ്രബോധനമാർഗത്തിൽ നിലകൊള്ളുന്നവർ ഇന്നും എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്."**

ത്തുൽ മുക്വദ്ദസിൽ പോയ വിവരം അവരോട് പറഞ്ഞപ്പോൾ ബയ്ത്തുൽ മുക്വദ്ദസ് കണ്ടവർക്ക് മാത്രം ഉത്തരം പറയാൻ കഴിയുന്ന ചില ചോദ്യങ്ങൾ അവർ നബിﷺയോട് ചോദിച്ചു. മുഹമ്മദ് കള്ളനാണ് എന്ന് വരുത്താനായിരുന്നു അവർ ഇങ്ങനെയെല്ലാം ചോദിച്ചത്. ജനങ്ങൾക്കിടയിൽ അപമാനിക്കുവാനും നിന്ദിക്കുവാനുമായിരുന്നു അവരുടെ മോഹം. അതിനായി ബയ്ത്തുൽ മുക്വദ്ദസിന്റെ വാതിലുകളെ പറ്റിയും മറ്റു കാര്യങ്ങളെ പറ്റിയും അവർ ചോദിച്ചു. ആ സമയത്ത് നബിﷺക്ക് ഉത്തരം പറയാൻ വിഷമം ഉണ്ടായിരുന്നു എന്നാണ് അവിടുന്ന് തന്നെ നമുക്ക് പറഞ്ഞുതരുന്നത്. ബയ്ത്തുൽ മുക്വദ്ദസ് കാണാത്തതിനാലോ അവിടേക്ക് പോകാത്തതിനാലോ അല്ല നബിﷺക്ക് അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകൽ പ്രയാസകരമായത്. നാം സ്ഥിരമായി കാണുന്ന ഒരു വസ്തുവാണെങ്കിൽ പോലും അതിന്റെ മുഴുവൻ വശങ്ങളെ കുറിച്ചും നമുക്ക് വിവരമുണ്ടായിക്കൊള്ളണമെന്നില്ലല്ലോ.

തന്നെ അപമാനിക്കുവാനും നിന്ദിക്കുവാനും ശത്രുക്കൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിൽ പ്രയാസപ്പെട്ടതിനെ തുടർന്ന് നബിﷺ അങ്ങേയറ്റം വിഷമത്തിലായി. ആ സമയത്ത് നബിﷺക്ക് അല്ലാഹു അത് ദൃശ്യമാക്കിക്കൊടുത്തു. എത്രയോ കാതങ്ങൾക്കപ്പുറം സ്ഥിതിചെയ്യുന്ന ആ ഭവനം സമീപത്ത് കാണുകയാണ്. അല്ലാഹു നബിﷺക്ക് പ്രകടമാക്കിയ മുഅ്ജിസത്തായിരുന്നു അത്. അതല്ലാതെ, കാഴ്ചക്ക് പരിധിയോ പരിമിതിയോ ഇല്ലാത്ത ആളായിരുന്നില്ല മുഹമ്മദ് നബിﷺ. ആ പ്രത്യേകത സ്രഷ്ടാവായ അല്ലാഹുവിന് മാത്രമുള്ളതാണ്.

ബയ്ത്തുൽ മുക്വദ്ദസ് നബിﷺക്ക് അല്ലാഹു ദൃശ്യമാക്കിയപ്പോൾ ശത്രുക്കളുടെ അതിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കെല്ലാം കൃത്യമായി അവിടുന്ന് മറുപടി നൽകി.

അതുപോലെ ആ യാത്രയിൽ നബിﷺ ഒരു സംഘം പ്രവാചകന്മാരെ കാണുകയുണ്ടായി. മൂസാؑ ആ സമയത്ത് നമസ്കരിക്കുന്നുണ്ടായിരുന്നു. മൂസാനബിؑയുടെ ശാരീരിക അവസ്ഥകൾ വരെ നബിﷺ സ്വഹാബത്തിന് വിവരിച്ചുകൊടുത്തു. ചുരുണ്ട മുടിയുള്ള ശനൂഅക്കാരിലെ ഒരാളെ പോലെയാണ് മൂസാؑ എന്നുവരെ അവിടുന്ന് വിവരിച്ചു. ഈസാനബിؑയെയും ആ അവസരത്തിൽ നബിﷺ കാണുകയുണ്ടായി. അദ്ദേഹവും നമസ്കരിക്കുന്നതായാണ് നബിﷺ കാണുന്നത്. അദ്ദേഹത്തിന്റെ രൂപസാദൃശ്യം ഉർവؓയോടാകുന്നു. ഇബ്‌റാഹീം നബിؑയെയും നബിﷺ കണ്ടു. അദ്ദേഹവും നമസ്കാരത്തിലായിരുന്നു. അദ്ദേഹത്തിന്റെ സാദൃശ്യം തന്നോടാകുന്നു എന്നും അവിടുന്ന് പറഞ്ഞു.

പിന്നീട് നമസ്കാര സമയമായി. എല്ലാ പ്രവാചകന്മാർക്കും ഇമാമായി അപ്പോൾ മുഹമ്മദ് നബിﷺയാണ് നിന്നത്. ഇത് അവിടുത്തേക്ക് ലഭിച്ച സ്ഥാനവും മഹത്ത്വവും തന്നെയാണ്.

ഈ ഹദീസിൽ പറഞ്ഞ, നബിﷺ കണ്ടതും ചെയ്തതുമായ ഓരോ കാര്യവും നബിﷺക്ക് അല്ലാഹു നൽകിയ മുഅ്ജിസത്തായിരുന്നു.

### ചന്ദ്രൻ പിളർന്ന സംഭവം

നബിﷺ മദീനയിലേക്ക് ഹിജ്റ പോകുന്നതിനു മുമ്പ് നടന്ന അത്ഭുതകരമായ ഒരു സംഭവായിരുന്നു ഇത്. അവിടുന്ന് ശത്രുക്കളുടെ മുന്നിൽ അപമാനിതനാകാതിരിക്കാൻ അല്ലാഹു പല സന്ദർഭങ്ങളിലും സഹായിച്ചിട്ടുണ്ട്. ബയ്ത്തുൽ മുക്വദ്ദസുമായി ബന്ധപ്പെട്ട കാര്യത്തിൽ അല്ലാഹുവിന്റെ സഹായം കിട്ടിയത് നാം കണ്ടു. ഇവിടെയും അല്ലാഹുവിന്റെ സഹായം ഉണ്ടാകുന്നത് നമുക്ക് കാണാം.

അബ്ദുല്ലാഹിബ്നു മസ്ഊദിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിﷺന്റെ കാലത്ത് ചന്ദ്രൻ രണ്ട് കഷ്ണങ്ങളായി പിളരുകയുണ്ടായി. അപ്പോൾ നബിﷺ പറഞ്ഞു: നിങ്ങൾ സാക്ഷികളാകുവിൻ" (ബുഖാരി).

ഈ സംഭവം ഇമാം ബുഖാരിക്ക് പുറമെ, മുസ്‌ലിം, അഹ്മദ്, അബൂദാവൂദ്, ബയ്ഹക്വി, ഹാകിം, തിർമിദി, ത്വബ്‌രി തുടങ്ങിയവരെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രണ്ടായി പിളർന്ന ചന്ദ്രന്റെ ഒരു ഭാഗം ഒരു പർവതത്തിന് മുകളിലും മറ്റൊരു ഭാഗം വേറെ ഒന്നിന്റെ മുകളിലും കാണുകയുണ്ടായി എന്നും വേറെ ചില നിവേദനങ്ങളിൽ കാണാം. പർവതത്തിനു മുകളിൽ എന്നു പറയുമ്പോൾ എത്രയോ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ചന്ദ്രൻ താഴേക്ക് ഇറങ്ങിവന്നു എന്ന് അർഥം കൽപിക്കേണ്ടതില്ല. മുകളിലേക്ക് നോക്കുമ്പോൾ ഓരോ ഭാഗവും ഓരോ പർവതത്തിനു നേരെ മുകൾഭാഗത്തായി കണ്ടു എന്നതാണ് ഉദ്ദേശിക്കപ്പെടുന്നത്.

ചന്ദ്രൻ പിളരുകയോ എന്ന് ചോദിച്ച് ഈ സംഭവത്തെ കളിയാക്കുകയും നിഷേധിക്കുകയും തള്ളിക്കളയുകയും ചെയ്യുന്ന പലരും ഉണ്ടായിട്ടുണ്ട്. ഈ സംഭവത്തിന് സാക്ഷ്യം വഹിച്ചവരിൽതന്നെയും രണ്ട്

കക്ഷികളുണ്ടായിരുന്നു; വിശ്വസിച്ചവരും കളിയാക്കിയവരും. നബിﷺയിൽ വിശ്വസിച്ചവർക്ക് അതിൽ യാതൊരു അവ്യക്തതയും ഉണ്ടായിരുന്നില്ല. അവർ സംശയം തെല്ലുമില്ലാതെ അത് കാണുകയും വിശ്വസിക്കുകയും ചെയ്തു. എന്നാൽ അതിന് സാക്ഷികളായവരിലെ സത്യനിഷേധികൾ അപ്പോഴും അതിനെ കളവാക്കുകയും തള്ളിക്കളയുകയുമാണ് ചെയ്തത്.

ചന്ദ്രൻ എന്ന് അർഥമുള്ള 'ക്വമർ' എന്ന പേരിൽ ഒരു അധ്യായംതന്നെ ക്വുർആനിലുണ്ട്. അതിന്റെ തുടക്കത്തിൽ തന്നെ ഈ സംഭവം അല്ലാഹു വിവരിക്കുന്നുണ്ട്.


"ആ (അന്ത്യ) സമയം അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു. ഏതൊരു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവർ പിന്തിരിഞ്ഞു കളയുകയും ഇത് നിലനിന്നുവരുന്ന ജാലവിദ്യയാകുന്നു എന്ന് അവർ പറയുകയും ചെയ്യും" (ക്വുർആൻ 54:1,2).

അന്ത്യസമയം അടുത്തുവെന്നും ചന്ദ്രൻ പിളർന്നു എന്നും ഇവിടെ വ്യക്തമാക്കുന്നു. ചന്ദ്രൻ പിളരും എന്നല്ല പിളർന്നു എന്നാണ് ക്വുർആൻ പറയുന്നത്. എന്നാൽ അല്ലാഹുവിന്റെ ഏത് ദൃഷ്ടാന്തങ്ങൾ കണ്ടാലും അതിനോട് മുഖംതിരിക്കലും അതിനെ കളവാക്കലുമാണ് സത്യനിഷേധികളുടെ പതിവ്. ചന്ദ്രൻ പിളർന്ന സന്ദർഭത്തിലും അതുതന്നെയാണ് സംഭവിച്ചത്.

വിദൂര സ്ഥലത്തുനിന്ന് പോലും ഈ സംഭവം കണ്ട ചിലർ ഇസ്‌ലാമിലേക്ക് വന്ന ചരിത്രമുണ്ട്. എന്നാൽ മക്കയിലെ മുശ്‌രിക്കുകൾ ചെയ്തത് വെല്ലുവിളിക്കുകയും വെല്ലുവിളിക്കുള്ള മറുപടി നേരിൽ കണ്ടപ്പോൾ അവിശ്വസിക്കുകയുമാണ്. അബൂകബ്ശയുടെ മകന്റെ ജാലവിദ്യ വല്ലാത്ത ജാലവിദ്യതന്നെ എന്ന് അവർ കമൻറടിക്കുകയും ചെയ്തു!

നബിﷺയെ അവർ കളിയാക്കിക്കൊണ്ട് വിളിക്കുന്ന ഒരു പേരാണ് ഇബ്നു അബീകബ്ശ എന്നത്. നബിﷺ ചെറുപ്പത്തിൽ മുലയൂട്ടിയ മഹതിയായിരുന്നല്ലോ ഹലീമതുസ്സഅദിയ്യؓ. അവരുടെ ഭർത്താവിന്റെ പേരാണ് അബൂകബ്ശ. അദ്ദേഹത്തിലേക്ക് ചേർത്തിയാണ് ശത്രുക്കൾ ഈ പരിഹാസപ്പേര് വിളിച്ചിരുന്നത്.

ഇന്ന് ഈ സംഭവത്തെ നിഷേധിക്കുന്നവർ സമുദായത്തിനകത്തുതന്നെയുണ്ട്. ഇത്തരം ദൈവികദൃഷ്ടാന്തങ്ങളെ ബുദ്ധിക്ക് യോജിക്കുന്നില്ലെന്ന് പറഞ്ഞാണ് ഇത്തരക്കാർ കളവാക്കുന്നത്. എത്ര സ്ഥിരപ്പെട്ട സനദോടെ റിപ്പോർട്ട് ചെയ്തതായാലും, എത്ര വലിയ മഹാന്മാർ റിപ്പോർട്ട് ചെയ്തതാണെങ്കിലും ഞങ്ങളുടെ ബുദ്ധിക്ക് യോജിക്കുന്നതേ ഞങ്ങൾ വിശ്വസിക്കൂ എന്ന് പറയുന്ന ഹദീസ് നിഷേധികളാണ് ഇവർ.



**വിരലുകൾക്കിടയിൽനിന്നും വെള്ളം**

നബിﷺയുടെ ജീവിതത്തിൽ ഉണ്ടായ ഒരു അത്ഭുത സംഭവമാണ് ഇത്. അതിന് സാക്ഷികളായ സ്വഹാബിമാർ നമുക്ക് അത് വിവരിച്ചുതരുന്നുണ്ട്. അനസ്ؓ പറയുന്നത് നോക്കൂ:

"അസ്വ്ർ നമസ്കാര സമയമായപ്പോൾ ഞാൻ അല്ലാഹുവിന്റെ റസൂലിﷺനെ കാണുകയുണ്ടായി. അപ്പോൾ ജനങ്ങൾ വുദൂഅ് ചെയ്യാനുള്ള വെള്ളം അന്വേഷിക്കുന്നുണ്ട്, അങ്ങനെ വുദൂഇനുള്ള പാത്രം റസൂലിﷺന് കൊണ്ടുവരപ്പെട്ടു. അങ്ങനെ റസൂൽﷺ ആ പാത്രത്തിൽ തന്റെ കൈ വെച്ചു. ജനങ്ങളോട് അതിൽനിന്ന് വുദൂഅ് ചെയ്യാൻ അവിടുന്ന് കൽപിക്കുകയും ചെയ്തു." അനസ്ؓ പറയുന്നു: "അങ്ങനെ അവരിലെ അവസാനത്തെ ആളും വുദൂഅ് ചെയ്യുന്നതുവരെ അവിടുത്തെ വിരലുകളുടെ താഴെനിന്നും വെള്ളം പൊടിയുന്നത് ഞാൻ കാണുകയുണ്ടായി" (ബുഖാരി).

നബിﷺയും അനുചരന്മാരും ഒരു യാത്രയിലായിരുന്നു. മുന്നൂറോ അതിലധികമോ പേർ സംഘത്തിൽ ഉണ്ടായിരുന്നു. നമസ്കാരത്തിന്റെ സമയമായി.

വുദൂഅ് ചെയ്യാൻ വെള്ളവുമില്ല. കൈയിൽ സൂക്ഷിച്ചിരുന്നതെല്ലാം തീരുകയും ചെയ്തു. അവർ പലയിടത്തും വെള്ളം അന്വേഷിച്ചു. വെള്ളം ലഭിച്ചില്ല. ഒരു സ്വഹാബിയുടെ കൈവശം മാത്രം അൽപം വെള്ളമുള്ള ഒരു പാത്രമുണ്ടായിരുന്നു. ആ പാത്രം നബിﷺയുടെ അടുക്കൽ കൊണ്ടുവരപ്പെട്ടു. നബിﷺ ആ പാത്രത്തിൽ തന്റെ പവിത്രമായ കൈ വെച്ചു. അതോടെ അത്ഭുതം സംഭവിച്ചു. അവിടുത്തെ വിരലുകൾക്കിടയിൽനിന്ന് വെള്ളം പൊട്ടിവരികയായി. ജനങ്ങളോട് അവിടുന്ന് വുദൂഅ് ചെയ്യുവാൻ കൽപിച്ചു. അവർ എല്ലാവരും ആ പാത്രത്തിൽനിന്ന് വുദൂഅ് ചെയ്തു.

നബിﷺയുടെ വിരലുകൾക്കിടയിൽ നിന്ന് വെള്ളം വന്ന ഈ അമാനുഷിക സംഭവം മൂസാനബിﷷക്ക് അല്ലാഹു നൽകിയ മുഅ്ജിസത്തിനെക്കാൾ വമ്പിച്ചതാകുന്നു. മൂസാനബിﷷയോട് അല്ലാഹു വെള്ളത്തിനായി കല്ലിൽ അടിക്കാൻ കൽപിക്കുകയുണ്ടായി. അങ്ങനെ കല്ലിൽനിന്ന് ഉറവ പൊട്ടുകയും ചെയ്തു. അതിനെക്കാളും വലിയ ഒരു മുഅ്ജിസത്താണ് നബിﷺയിലൂടെ അല്ലാഹു ഇവിടെ പ്രകടമാക്കിയത് എന്ന് ഇമാം മുസ്നി(റഹി) പറയുന്നത് ഇമാം അൽഅയ്നി(റഹി) ഉംദത്തുൽ ക്വാരിയിൽ ഉദ്ധരിക്കുന്നുണ്ട്. കല്ലിൽ നിന്ന് ഉറവ വരിക എന്നത് പരിചിതമായ കാര്യമാണല്ലോ. എന്നാൽ വിരലുകൾക്കിടയിൽനിന്ന് വെള്ളം വരിക എന്നത് പരിചിതമല്ലാത്ത കാര്യവുമാണ് എന്ന് അദ്ദേഹം അതിന് ന്യായവും പറയുന്നുണ്ട്.

പ്രവാചകന്മാരിലൂടെ അല്ലാഹു പ്രകടമാക്കുന്ന ദൃഷ്ടാന്തങ്ങൾ പ്രവാചകന്മാരുടെ കഴിവല്ല. അത് പ്രകടമാക്കാൻ അല്ലാഹു ഉദ്ദേശിക്കുമ്പോൾ എന്തെങ്കിലും മാനുഷികമായ പ്രവൃത്തി ചെയ്യാൻ കൽപിക്കും. നബിമാർ അതുപ്രകാരം ചെയ്യും. ശേഷം ആ പ്രവാചകന്മാരിലൂടെ പ്രകടമാകുന്നതെല്ലാം അല്ലാഹുവാണ് ചെയ്യുന്നത്. അത് ഒരു നബിയുടെയും കഴിവിൽ പെട്ടതല്ല. ഈ സത്യം മനസ്സിലാക്കാത്ത ചിലർ പ്രവാചകനോട് സങ്കടം പറയുകയും അവിടുത്തോട് പ്രാർഥിക്കുകയും ചെയ്യുന്നത് കാണാം.

നബിﷺയും സ്വഹാബിമാരും വെള്ളമില്ലാതെ വിഷമിക്കുന്നു. അവർ നാലുപാടും അന്വേഷിക്കുന്നു. അവസാനം അവരിൽ ഒരാളുടെ കൈയിലുണ്ടായിരുന്ന വെള്ളപ്പാത്രം കൊണ്ടുവരപ്പെടുന്നു. അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബിﷺ ആ പാത്രത്തിൽ കൈ വെക്കുന്നു. സ്വഹാബിമാർക്ക് പോലും അറിയില്ല നബിﷺക്ക് ഞങ്ങൾക്ക് വെള്ളം നൽകി സഹായിക്കാൻ കഴിയുമെന്ന്. അവർക്ക് അങ്ങനെ ഒരു വിശ്വാസം ഉണ്ടായിരുന്നെങ്കിൽ അവർ നബിയോട് വെള്ളത്തിന് ആവശ്യപ്പെടുമായിരുന്നല്ലോ. വിദൂരത്തേക്ക് നബിﷺയും സ്വഹാബിമാരും യാത്ര ചെയ്യുമ്പോൾ ഒട്ടകപ്പുറത്തും കഴുതപ്പുറത്തുമെല്ലാം എന്തിനായിരുന്നു വെള്ളം ചുമന്ന് പോയിരുന്നത്? മലമൂത്ര വിസർജനത്തിനായി അവിടന്ന് പോകുമ്പോൾ വെള്ളം കൊണ്ടുപോകുന്നു, അവിടുത്തേക്ക് വുദൂഅ് ചെയ്യാനുള്ള വെള്ളം സ്വഹാബിമാർ എത്തിക്കുന്നു.

വെള്ളത്തിന് ആവശ്യം വന്നപ്പോൾ അല്ലാഹുവിനോട് പ്രാർഥിക്കാനായി നബിﷺയോട് സ്വഹാബി ആവശ്യപ്പെടുകയും നബിﷺ പ്രാർഥിക്കുകയും അല്ലാഹു മഴ വർഷിപ്പിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. എന്നാൽ അവർ നബിﷺയോട് മഴക്ക് വേണ്ടി തേടിയ ഒരു സംഭവം പോലും നമുക്ക് കാണുക സാധ്യമല്ല.

മഴക്കുവേണ്ടിയുള്ള പ്രത്യേകമായ നമസ്കാരം പോലും നബിﷺ പഠിപ്പിച്ചുതന്നിട്ടുണ്ട്; മഴയില്ലാത്തപ്പോൾ അല്ലാഹുവിനോടാണ് ചോദിക്കേണ്ടത് എന്ന് നമ്മെ പഠിപ്പിക്കാൻ. നബിﷺയുടെ കാലത്ത് നബിﷺയെ ഇമാമാക്കിയായിരുന്നു സ്വഹാബിമാർ മഴക്കുവേണ്ടിയുള്ള നിസ്കാരം നിർവഹിച്ചിരുന്നത്. ഉമറി رضي الله عنه ന്റെ ഭരണകാലത്ത് ഒരു ക്ഷാമം നേരിട്ടപ്പോൾ അവർ നബിﷺയുടെ പിതൃവ്യൻ അബ്ബാസി رضي الله عنه നെ ഇമാമാക്കി നമസ്കരിച്ചത് ഹദീസിൽ കാണാവുന്നതാണ്.

നബിﷺയുടെ സ്വഹാബിമാർ വെള്ളമില്ലാതെ വിഷമിക്കുമ്പോൾ ഇപ്രകാരം നമസ്കരിക്കുകയും അല്ലാഹുവിനോട് പ്രാർഥിക്കുകയുമായിരുന്നു ചെയ്തിരുന്നത്. അവർ നബിﷺയോട് മഴക്ക് വേണ്ടി തേടിയിട്ടില്ല. സ്വഹാബിമാർ വിശ്വസിച്ചത് പോലെ നബിയെക്കുറിച്ച് വിശ്വസിച്ചെങ്കിലേ നമ്മുടെ വിശ്വാസം ശരിയാവുകയുള്ളൂ. ക്വുർആൻ കാര്യം നമ്മെ ഉണർത്തിയത് കാണുക:

"നിങ്ങൾ ഈ വിശ്വസിച്ചത് പോലെ അവരും വിശ്വസിച്ചിരുന്നാൽ അവർ നേർമാർഗത്തിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞ് കളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷിമാത്സര്യം മാത്രമാകുന്നു. അവരിൽനിന്ന് നിന്നെ സംരക്ഷിക്കാൻ അല്ലാഹു മതി, അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ" (ക്വുർആൻ 2:137).

**(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം

അധ്യായം: 55, ഭാഗം 1

# അർറഹ്മാൻ (പരമകാരുണികൻ)

(മദീനയിൽ അവതരിച്ചത്)

1. പരമകാരുണികൻ,
2. ഈ ക്വുർആൻ പഠിപ്പിച്ചു.
3. അവൻ മനുഷ്യനെ സൃഷ്ടിച്ചു.
4. അവനെ അവൻ സംസാരിക്കാൻ പഠിപ്പിച്ചു.
5. സൂര്യനും ചന്ദ്രനും ഒരു കണക്കനുസരിച്ചാകുന്നു (സഞ്ചരിക്കുന്നത്).
6. ചെടികളും വൃക്ഷങ്ങളും(അല്ലാഹുവിന്) പ്രണാമം അർപ്പിച്ചുകൊണ്ടിരിക്കുന്നു.
7. ആകാശത്തെ അവൻ ഉയർത്തുകയും (എല്ലാ കാര്യവും തൂക്കി കണക്കാക്കാനുള്ള) തുലാസ് അവൻ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.
8. നിങ്ങൾ തുലാസിൽ ക്രമക്കേട് വരുത്താതിരിക്കാൻ വേണ്ടിയാണത്.
9. നിങ്ങൾ നീതിപൂർവം തൂക്കം ശരിയാക്കുവിൻ. തുലാസിൽ നിങ്ങൾ കമ്മി വരുത്തരുത്.
10. ഭൂമിയെ അവൻ മനുഷ്യർക്കായി വെച്ചിരിക്കുന്നു.
11. അതിൽ പഴങ്ങളും കൂമ്പോളകളുള്ള ഈന്തപ്പനകളുമുണ്ട്.
12. വൈക്കോലുള്ള ധാന്യങ്ങളും സുഗന്ധച്ചെടികളുമുണ്ട്.
13. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?
14. കലം പോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന (ഉണങ്ങിയ) കളിമണ്ണിൽനിന്ന് മനുഷ്യനെ അവൻ സൃഷ്ടിച്ചു.
15. തീയിന്റെ പുകയില്ലാത്ത ജ്വാലയിൽനിന്ന് ജിന്നിനെയും അവൻ സൃഷ്ടിച്ചു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ
ٱلرَّحۡمَٰنُ ١
عَلَّمَ ٱلۡقُرۡءَانَ ٢
خَلَقَ ٱلۡإِنسَٰنَ ٣
عَلَّمَهُ ٱلۡبَيَانَ ٤
ٱلشَّمۡسُ وَٱلۡقَمَرُ بِحُسۡبَانٖ ٥
وَٱلنَّجۡمُ وَٱلشَّجَرُ يَسۡجُدَانِ ٦
وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلۡمِيزَانَ ٧
أَلَّا تَطۡغَوۡاْ فِي ٱلۡمِيزَانِ ٨
وَأَقِيمُواْ ٱلۡوَزۡنَ بِٱلۡقِسۡطِ
وَلَا تُخۡسِرُواْ ٱلۡمِيزَانَ ٩
وَٱلۡأَرۡضَ وَضَعَهَا لِلۡأَنَامِ ١٠
فِيهَا فَٰكِهَةٞ وَٱلنَّخۡلُ ذَاتُ ٱلۡأَكۡمَامِ ١١
وَٱلۡحَبُّ ذُو ٱلۡعَصۡفِ وَٱلرَّيۡحَانُ ١٢
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ١٣
خَلَقَ ٱلۡإِنسَٰنَ مِن صَلۡصَٰلٖ كَٱلۡفَخَّارِ ١٤
وَخَلَقَ ٱلۡجَآنَّ مِن مَّارِجٖ مِّن نَّارٖ ١٥

'പരമകാരുണികൻ' എന്ന അല്ലാഹുവിന്റെ നാമംകൊണ്ടാണ് ഈ അധ്യായം ആരംഭിക്കുന്നത്. ഈ പദം അവന്റെ വിശാലമായ കാരുണ്യത്തെയും എല്ലാവർക്കുമുള്ള അവന്റെ നന്മയെയും മഹത്തായ ഗുണങ്ങളെയും വർധിച്ച ഔദാര്യത്തെയും അറിയിക്കുന്നു. പിന്നീട് പറയുന്നത് അല്ലാഹു തന്റെ അടിമകൾക്ക് നൽകുന്ന ഭൗതികവും മതപരവും പാരത്രികവുമായ അനുഗ്രഹത്തിന്റെ അടയാളങ്ങളെ കുറിച്ചാണ്. പിന്നീട് മനുഷ്യർക്കും ജിന്നുകൾക്കും അവൻ നൽകിയ മഹത്തായ അനുഗ്രഹങ്ങളെക്കുറിച്ച് പരാമർശിക്കുകയും അവന്ന് നന്ദിയുള്ളവരാകാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. എന്നിട്ടവൻ ആവർത്തിച്ചു ചോദിക്കുന്നു: "അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?"

അല്ലാഹു പറയുന്നു: (ക്വുർആൻ പഠിപ്പിച്ചു) അതിലെ പദങ്ങളും ആശയങ്ങളും തന്റെ അടിമക്ക് പഠിപ്പിച്ചുകൊടുക്കുകയും അത് അടിമക്ക് ലളിതമാക്കിക്കൊടുക്കുകയും ചെയ്തു. തന്റെ അടിമക്ക് ചെയ്ത ഏറ്റവും വലിയ അനുഗ്രഹമാണിത്. ആശയങ്ങളിൽ വ്യക്തതയുള്ളതും പദമേന്മയുള്ളതുമായ അറബിഭാഷയിൽ അല്ലാഹു ക്വുർആനിനെ ഇറക്കിയതിനാലാണത്. എല്ലാ നന്മകളെയും ഉൾക്കൊള്ളുന്നതും എല്ലാ തിന്മകളെയും അകറ്റുന്നതുമാണത്.

3-4. അവൻ മനുഷ്യനെ സൃഷ്ടിച്ചു; ഏറ്റവും നല്ല ഘടനയിൽ. അവയവങ്ങളുടെ തികവ്, ശരീരഭാഗങ്ങളുടെ പൂർണത, നിർമിതിയിലെ ദൃഢത. സ്രഷ്ടാവായ അല്ലാഹു തന്റെ സൃഷ്ടിയെ പുതുമയാർന്നതും അന്യൂനവുമാക്കി. മറ്റുജീവജാലങ്ങളിൽനിന്ന് അവനെ സവിശേഷമാക്കിയത്: (അവനെ സംസാരിക്കാൻ പഠിപ്പിച്ചു). ഹൃദയങ്ങളിലെ ആശയങ്ങളെ വ്യക്തമാക്കാൻ. വാമൊഴിയും വരമൊഴിയും ഇതിൽ ഉൾക്കൊള്ളുന്നു. മനുഷ്യന് അല്ലാഹു ചെയ്തുകൊടുത്ത ഈ മഹാ അനുഗ്രഹത്തിലൂടെ മറ്റുള്ളവയിൽനിന്ന് അവനെ സവിശേഷമാക്കി.



5. (സൂര്യനും ചന്ദ്രനും കണക്കനുസരിച്ചാണ് സഞ്ചരിക്കുന്നത്). അല്ലാഹു സൂര്യനെയും ചന്ദ്രനെയും സൃഷ്ടിക്കുകയും അവയെ കീഴ്പ്പെടുത്തിക്കൊടുക്കുകയും ചെയ്തു; നിർണിതമായ ഒരു നിയമത്തിന് വിധേയമായും കൃത്യമായ കണക്കുകൾ പാലിച്ചും. അടിമക്ക് കാരുണ്യവും പരിഗണനയുമായി അവൻ അവ രണ്ടിനെയും സഞ്ചരിപ്പിക്കാനും ജീവിതത്തിൽ അവർക്ക് ഗുണകരമായ എല്ലാ കാര്യങ്ങളും നിർവഹിക്കുന്നതിനായി കണക്കും വർഷവും മനസ്സിലാക്കുന്നതിന് വേണ്ടിയും.

6. (നക്ഷത്രങ്ങളും വൃക്ഷങ്ങളും പ്രണാമമർപ്പിച്ചുകൊണ്ടിരിക്കുന്നു). അതായത് ആകാശങ്ങളിലെ നക്ഷത്രങ്ങളും ഭൂമിയിലെ വൃക്ഷങ്ങളും തങ്ങളുടെ രക്ഷിതാവിനെ അറിയിക്കുകയും അവന് പ്രണാമമർപ്പിക്കുകയും അനുസരിക്കുകയും താഴ്മ കാണിക്കുകയും കീഴ്പ്പെട്ടിരിക്കുകയും ചെയ്യുന്നു; അടിമകളുടെ ഗുണത്തിനും പ്രയോജനത്തിനും വേണ്ടി അതിനെ അവൻ കീഴ്പ്പെടുത്തിയതിനാൽ.

7-8. (ആകാശത്തെ അവൻ ഉയർത്തുകയും തുലാസ് അവൻ സ്ഥാപിക്കുകയും ചെയ്തു). പ്രവൃത്തിയിലും വാക്കിലും അടിമകൾക്കിടയിലുള്ള നീതി. പരിമിതമായ തുലാസ് മാത്രമല്ല ഇവിടെ ഉദ്ദേശിച്ചത്, മറിച്ച് നാം സൂചിപ്പിച്ചതുപോലെ സാധാരണ തുലാസ് ഉൾപ്പെടുന്നതോടുകൂടി വസ്തുക്കളുടെ അളവ് കണക്കാക്കുകയും അളവുകളും കാണാത്ത വസ്തുക്കളെ കണക്കാക്കുന്ന സ്കെയിലുകളും സൃഷ്ടികൾക്കിടയിൽ വേർതിരിക്കുന്ന വസ്തുതകളും; അതാണ് അവർക്കിടയിൽ നീതി നിലനിർത്തുന്നത്. അതാണ് അല്ലാഹു പറഞ്ഞത്: "നിങ്ങൾ തുലാസിൽ ക്രമക്കേട് വരുത്താതിരിക്കുവാൻ വേണ്ടിയാണിത്."

കൽപനകളിലും ബാധ്യതകളിലും പരിധി ലംഘിക്കാതിരിക്കാനാണ് അല്ലാഹു തുലാസ് ഇറിക്കയത്. കൽപനയിൽ നിങ്ങളുടെ ബുദ്ധിക്കും അഭിപ്രായത്തിനും വിട്ടുതരികയാണെങ്കിൽ അല്ലാഹുവിന് മാത്രമെ അതിലെന്തുമാത്രം അപാകതകൾ സംഭവിക്കുമെന്ന് അറിയൂ. ആകാശങ്ങളും ഭൂമിയും അതിലുള്ളവയുമെല്ലാം തകരാറിലാകുമായിരുന്നു. തൂക്കത്തെ നിങ്ങൾ നീതിപൂർവമാക്കണം; നിങ്ങളുടെ കഴിവും സാധ്യതയും അനുസരിച്ച്. (തുലാസിൽ നിങ്ങൾ കമ്മിവരുത്തരുത്) അതായത് അതിൽ നിങ്ങൾ കുറവുവരുത്തരുത്. അതിനെതിരായി പ്രവർത്തിക്കുകയും അരുത്. അത് അക്രമവും അനീതിയും അതിരുവിട്ട പ്രവർത്തനവുമാണ്.

10. (ഭൂമിയെ അവൻ വെച്ചിരിക്കുന്നു) അല്ലാഹു ഭൂമിയെ ഇപ്പോഴുള്ളതുപോലെ കട്ടിയുള്ളതും ഉറച്ചുനിൽക്കുന്നതും സാഹചര്യവും പ്രത്യേകതകളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നതുമാക്കി. (മനുഷ്യർക്കായി) സൃഷ്ടികൾക്കുവേണ്ടി. അവർക്ക് അതിൽ സ്ഥിരതാമസമാക്കാനും അവർക്കൊരു വിരിപ്പും തൊട്ടിലുമായിത്തീരാനും നട്ടുപിടിപ്പിക്കാനും കുഴികളുണ്ടാക്കാനും വഴികളിലൂടെ പ്രവേശിക്കാനും അതിലെ കനികൾ പ്രയോജനപ്പെടുത്താനും വേണ്ടി. അതിലുള്ളതെല്ലാം സൃഷ്ടികളുടെ ആവശ്യങ്ങൾക്ക്; അല്ല, അത്യാവശ്യങ്ങൾക്കുള്ളതാണ്. മനുഷ്യന് അത്യാവശ്യമുള്ള ഭുമിയിലെ ഭക്ഷണവസ്തുക്കളെ കുറിച്ചാണ് തുടർന്നു പറയുന്നത്.

11. (അതിൽ പഴങ്ങളും) അടിമകൾ രുചിയാസ്വദിക്കുന്ന ഫലമുണ്ടാകുന്ന മുന്തിരി, അത്തി, ഉറുമാൻ, ആപ്പിൾ മുതലായ എല്ലാ (വള്ളികളും ചെടികളും മരങ്ങളും) ഇതിൽ ഉൾപ്പെടും. (പോളകളുള്ള ഈത്തപ്പനകളുമുണ്ട്) അതിന് പോളകളുണ്ട്. അതിൽ നിന്നാണ് കുലകൾ അൽപാൽപമായി പിളർന്ന് പുറത്തേക്കു വരുന്നത്. അങ്ങനെ അത് സൂക്ഷിക്കപ്പെടുകയും അതിൽനിന്ന് ഭക്ഷിക്കുകയും ചെയ്യുന്നു. യാത്രക്കാരനും നാട്ടിൽ താമസിക്കുന്നവനും ഭക്ഷണത്തിനുവേണ്ടി എടുത്തുവെക്കാൻ പറ്റുന്നത്. പഴങ്ങളിൽ ഏറ്റവും രുചികരമായ പഴമാണിത്.

12. (വൈക്കോലുകളുള്ള ധാന്യങ്ങളും) ഉണങ്ങുന്ന തണ്ടുള്ളത്. എന്നിട്ട് വൈക്കോൽ നാൽക്കാലികൾക്കുവേണ്ടി ഉപയോഗിക്കുന്നു. ചോളം, ബാർലി, നെല്ല് മുതലായ ധാന്യങ്ങളെല്ലാം ഇതിൽപെടും. (സുഗന്ധച്ചെടികളും) മനുഷ്യൻ ഭക്ഷിക്കുന്ന എല്ലാ ഭക്ഷണസാധനങ്ങളും ഇതിൽ ഉൾപ്പെടാൻ സാധ്യതയുണ്ട്. പൊതുവായി പറഞ്ഞതിനെ പ്രത്യേകമായി പറഞ്ഞതിനോട് ചേർത്ത് പറഞ്ഞു. പൊതുവായതും പ്രത്യേകമായതുമായ ഭക്ഷണ വസ്തുക്കൾ കൊണ്ടാണ് അല്ലാഹു തന്റെ അടിമകൾക്ക് അനുഗ്രഹം ചെയ്തിരിക്കുന്നത്. 'റൈഹാൻ' എന്നത് പ്രസിദ്ധമായ സുഗന്ധച്ചെടിതന്നെ ആയിരിക്കാം. മനസ്സിന് സന്തോഷം നൽകുന്ന, ഹൃദയത്തിന് വിശാലത നൽകുന്ന, നല്ല പരിമളങ്ങളുള്ള വിവിധയിനങ്ങളെ അല്ലാഹു തന്റെ അടിമക്ക് സൗകര്യം ചെയ്തുകൊടുത്തു.

13. കാഴ്ചകൾ കണ്ടും കാഴ്ചപ്പാടുകൾകൊണ്ടും കാണാവുന്ന, അല്ലാഹുവിന്റെ ധാരാളം അനുഗ്രഹങ്ങളെ പരാമർശിക്കുമ്പോൾ മനുഷ്യനോടും ജിന്നുകളോടുമായി അവൻ പറയുന്നു: (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?). മതപരവും ഭൗതികവുമായ അല്ലാഹുവന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? ഈ സൂറത്ത് ഓതിക്കേൾപിച്ചപ്പോൾ ജിന്നുകളുടെ മറുപടി എത്രമാത്രം സുന്ദരമായിരുന്നു! ഈ വചനത്തിലൂടെ കടന്നുപോകുമ്പോഴെല്ലാം അവരങ്ങനെ പറയാതിരുന്നിട്ടില്ല:

'റബ്ബേ, നിന്റെ യാതൊരു അനുഗ്രഹത്തേയും ഞങ്ങൾ നിഷേധിക്കില്ല. നിനക്ക് സ്തുതി). അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തന്റെ മേൽ ഓതിക്കേൾപിക്കപ്പെട്ടാൽ ഇപ്രകാരം ചെയ്യൽ ഏതൊരു അടിമക്കും നിർബന്ധമാണ്; അവന്റെ അനുഗ്രഹങ്ങളെ അംഗീകരിച്ചും നന്ദികാണിച്ചുകൊണ്ടും അതിന്റെമേൽ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും. അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ പുതുമയും കഴിവിന്റെ അടയാളങ്ങളും തന്റെ അടിമക്ക് കാണത്തക്ക വിധത്തിലുള്ള അനുഗ്രഹങ്ങളെ കുറിച്ചാണ് ഇവിടെ പറയുന്നത്. (അവൻ സൃഷ്ടിച്ചു). മനുഷ്യ പിതാവിനെ. ആദം നബി(അ)യാണത്. (കലം പോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന കളിമണ്ണിൽനിന്ന്) അതായത് നനഞ്ഞ മണ്ണിൽനിന്ന്. അത് ഉറപ്പുള്ളതും ദൃഢവുമാണ്. അത് ഉണ്ടാക്കിക്കഴിഞ്ഞാൽ അതിനൊരു പ്രത്യേക ശബ്ദമുണ്ടാകും; കലത്തിന്റെ ശബ്ദം പോലെ. വേവിച്ചെടുത്ത മണ്ണാണത്.

15. (ജിന്നിനെ അവൻ സൃഷ്ടിച്ചു) അതായത് ജിന്നിന്റെ പിതാവിനെ. ഇബ്‌ലീസാണത്. അവന് അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ. (പുകയില്ലാത്ത തീജ്വാലയിൽ നിന്ന്) തെളിഞ്ഞ തീജ്വാലയിൽ നിന്ന്. മറ്റൊരർഥം പുകകലർന്ന തീജ്വാലയിൽനിന്ന് എന്നാണ്. മണ്ണിൽനിന്നും കളിമണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗത്തിന്റെ ശ്രേഷ്ഠതയെയാണിത് അറിയിക്കുന്നത്. മണ്ണ് വിവേകത്തിന്റെയും മഹത്ത്വത്തിന്റെയും പ്രയോജനത്തിന്റെയും സ്ഥാനമാണ്. ജിന്നുവർഗത്തിന്റെ സൃഷ്ടിപ്പ് ഇതിൽനിന്ന് വ്യത്യസ്തമാണ്. അത് തീയാണ്. കുഴപ്പവും ദോഷവും അക്രമവും ദുർബലതയും ആണത്.


## അറിയിപ്പ്

കേരളത്തിലെ മത, സാമൂഹിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ മഹത്തായ സംഭാവനകളർപ്പിച്ച പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജ് ഗ്ലോബൽ അലുംനി മീറ്റ് പൂർവ വിദ്യാർഥി സംഗമം ഏപ്രിൽ 10 ശനി രാവിലെ 9.30 മുതൽ പുളിക്കൽ എംസിസി നഗറിൽ ചേരുകയാണ്.

മുഴുവൻ പൂർവ വിദ്യാർഥികളെയും വിദ്യാർഥിനികളെയും പരിപാടിയിലേക്ക് സാദരം ക്ഷണിക്കുന്നു.

അലുംനി മീറ്റിലും ഉച്ചക്കു ശേഷം നടക്കുന്ന ബാച്ച് തല സംഗമങ്ങളിലും മുഴുവൻ പൂർവ വിദ്യാർഥികളും ഇതൊരറിയിപ്പായി കരുതി ആദ്യന്തം പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

**ഡോ. സയ്യിദ് മുഹമ്മദ് ശാക്കിർ (പ്രിൻസിപ്പൽ)**

കൂടുതൽ വിവരങ്ങൾക്ക്: 9895586525 / 9349798262



മുംതസിർ പെരിങ്ങത്തൂർ
mail@nerpatham.com

കവിത

# മൂകത മാറിത്താമസിക്കുന്ന വീടുകൾ

നമ്മൾ ഇങ്ങടുത്തൊന്നും
നിരീക്കാത്ത ഒരു നാളുണ്ട്,
എത്രയോ അകലെയെന്ന്
കണക്കുകൂട്ടിയ ഒരു നാൾ,
നമ്മുടെ ഇഹലോകത്തെ
അവസാന നാൾ!
അന്ന്,
കവലയിലെ ചായക്കട മുതൽ
സൈക്കിൾ ഷാപ്പുവരെ
അരമണിക്കൂർ അടച്ചിടും,
വീട്ടുകാർ ഏങ്ങലടിച്ചു കരയും,
സുഹൃത്തുക്കളും ബന്ധുക്കളും
കണ്ണീരോടെ, മൂകമായ് നമ്മുടെ
ശവമഞ്ചം തോളിലേറ്റും,
നാട്ടുകാർ നിസ്സംഗതയോടെ പിന്തുടരും.

വീട്ടുമുറ്റത്തെ പൈപ്പിൻ ചുവട്ടിലും
അടുപ്പിലുംവരെ മൂകത
തളംകെട്ടി നിൽക്കും.
അങ്ങനെയങ്ങനെ...
സ്റ്റാറ്റസ് ചിത്രങ്ങൾ
സെൽഫികൾക്ക് വഴിമാറും,
മുറ്റത്തെ കടുംനീല കസേരകളും
വലിച്ചുകെട്ടിയ പ്ലാസ്റ്റിക്ക് ഷീറ്റും
മെല്ലെ വണ്ടി കയറും,
പിന്നെ മെല്ലെ... മെല്ലെ
നമ്മുടെ മുറിയിലെ വസ്ത്രങ്ങൾക്കും
കുടിച്ചുതീരാത്ത മരുന്നുകുപ്പികൾക്കുമൊപ്പം
മൂകതയും പടിയിറങ്ങും!
അങ്ങനെ മൂകതയും
പുതിയ വീട്ടിലേക്ക് താമസം മാറും...!

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio
Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 APRIL 03

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

**2021-22**
**രജിസ്ട്രേഷൻ ആരംഭിച്ചു**




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി:**
**ഏപ്രിൽ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

**SCHOOL OF Qura'n**
READ. LEARN. EVOLVE

**Office: Jamia Campus | Mini Ootty**
**Malappuram | Kerala | PIN 676519**

**CENTERS:**

**KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770**
**KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230**
**PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555**
**CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755**
**EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827**
**EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255**
**ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378**
**ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263**
**COIMBATORE: 9080475224 | ERODE: 9942958888**

www.schoolofquran.in mail@schoolofquran.in SchoolOfQuranJamia